സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 സെപ്റ്റംബർ 06 ബുധൻ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## സനാതനധർമ പരാമർശത്തിൽ ഉദയനിധിക്കും പ്രിയങ്ക ഖാർഗെക്കുമെതിരെ കേസ്

ലഖ്നോ: സനാതനധർമ പരാമർശത്തിൽ ഡി.എം.കെ നേതാവും തമിഴ്നാട് കായിക, യുവജനക്ഷേമ മന്ത്രിയുമായ ഉദയനിധി സ്റ്റാലിനും, കർണാടക മന്ത്രിയും കോൺഗ്രസ് നേതാവുമായ പ്രിയങ്ക് ഖാർഗെക്കുമെതിരെ കേസെടുത്ത് പൊലിസ്.

അഭിഭാഷകരായ ഹർഷ് ഗുപ്ത, റാം സിങ് എന്നിവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ്. സനാതനധർമത്തെ കുറിച്ച് ഇരുവരും നടത്തിയ പരാമർശങ്ങൾ തങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് പരാതി.

സനാതനധർമം ഉന്മൂലനം ചെയ്യണമെന്ന പരാമർശത്തിനാണ് ഉദയനിധി സ്റ്റാലിനെതിരെ കേസെടുത്തത്. പരാമർശത്തെ പിന്തുണച്ച് രംഗത്തെത്തിയതിനാണ് പ്രിയങ്ക് ഖാർഗെക്കെതിരെയുള്ള കേസ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153എ, 295എ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. നേരത്തെ ഉദയനിധി സ്റ്റാലിനെതിരെ ഡൽഹി പൊലിസും കേസെടുത്തിരുന്നു.

സുപ്രിം കോടതി അഭിഭാഷകനായ വിനീത് ജിൻഡാൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു മറുപടി.

തമിഴ്നാട് പ്രോഗ്രസീവ് റൈറ്റേഴ്സ് ഫോറം സംഘടിപ്പിച്ച സനാതനധർമ അബോലിഷൻ കോൺക്ലേവിൽ സംസാരിക്കുന്നതിനിടെയായിരുന്നു ഉദയനിധി സ്റ്റാലിൻ സനാതനധർമത്തെ ഉന്മൂലനം ചെയ്യണമെന്ന് പറഞ്ഞത്.

മലേറിയ, കൊറോണ എന്നിവയെപ്പോലെ പകർച്ചവ്യാധിയാണ് സനാതനമെന്നും അത് നിയന്ത്രിക്കുകയല്ല മറിച്ച് ഉന്മൂലനം ചെയ്യുകയാണ് വേണ്ടതെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

## സൗദി കിരീടാവകാശി അമീർ മുഹമ്മദ് ബിൻ സൽമാൻ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തുന്നു

ന്യൂഡൽഹി: സൗദി അറേബ്യ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ അമീർ മുഹമ്മദ് ബിൻ സൽമാൻ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തുന്നു. ഈ ആഴ്ച അവസാനം നടക്കുന്ന പതിനെട്ടാമത് ജി 20 ഉച്ചകോടിയിൽ പ?ങ്കെടുക്കുന്നതിനായാണ് മുഹമ്മദ് ബിൻ സൽമാൻ എത്തുന്നത്.

സെപ്റ്റംബർ ഒമ്പത്, 10 തീയതികളിൽ നടക്കുന്ന ഉച്ചകോടിക്കുശേഷം സൗദി കിരീടാവകാശി സെപ്റ്റംബർ 11ന് ഔദ്യോഗിക സന്ദർശനം നടത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി



അദ്ദേഹം കൂടിക്കാഴ്ച നടത്തിയേക്കും.ഈയിടെ സൗദി അംബാസഡർ സാലിഹ് അൽ ഹുസൈനി ഇന്ത്യൻ വിദേശകാര്യമന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇന്ത്യ-സൗദി അറേബ്യ ബന്ധത്തിന്റെ വിവിധ മേഖലകളിലുള്ള വികസനത്തിനും പുരോഗതിക്കും വേണ്ടി ഉറ്റുനോക്കുകയാണെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം ജയശങ്കർ ട്വീറ്റ് ചെയ്തിരുന്നു.അമീർ മുഹമ്മദ് ബിൻ സൽമാൻ 2019 ഫെബ്രുവരിയിലാണ് അവസാനമായി ഇന്ത്യ സന്ദർശിച്ചത്. അതിനിടെ, ഇന്ത്യയിലെത്തുന്ന സൗദി കിരീടാവകാശിയുടെ സന്ദർശനത്തിനായി പാകിസ്ഥാൻ സമ്മർദം ചെലുത്തുന്നുണ്ട്. 2019ൽ ഇന്ത്യയിലെത്തിയ സന്ദർഭത്തിൽ അമീർ മുഹമ്മദ് ബിൻ സൽമാൻ പാകിസ്ഥാൻ സന്ദർശിച്ചിരുന്നു.

ഇത്തവണ ഔദ്യോഗികമായി സ്ഥിരീകരണമില്ലെങ്കിലും അദ്ദേഹം പാകിസ്ഥാൻ സന്ദർശിച്ചേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. ഇരുഭാഗത്തുനിന്നും ഇതുസംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനമൊന്നും വന്നിട്ടില്ല.



നിയന്ത്രണം വിട്ട് മറിഞ്ഞ ടാങ്കർ ലോറി

## പെരിന്തൽമണ്ണയിൽ നിയന്ത്രണം വിട്ട ടാങ്കർ ലോറി വെള്ളക്കെട്ടിലേക്ക് മറിഞ്ഞു; രണ്ട് പേർക്ക് പരിക്ക്

പെരിന്തൽമണ്ണ: മലപ്പുറം പെരിന്തൽമണ്ണയിൽ ടാങ്കർ ലോറി നിയന്ത്രണം വിട്ട് മറിഞ്ഞു. കൊച്ചിയിൽ നിന്നും പെട്രോളുമായി വന്ന ടാങ്കർ ആണ് അപകടത്തിൽപ്പെട്ടത്. പെരിന്തൽമണ്ണ പാണ്ടിക്കാട് റോഡിൽ സി എച്ച് ജങ്ഷനിലാണ് അപകടമുണ്ടായത്. വെള്ളക്കെട്ടിലേക്കാണ് ടാങ്കർ ലോറി മറിഞ്ഞത്. നേരിയ തോതിൽ പെട്രോൾ ചോർന്നു.

തുടർന്ന് ക്രെയിൻ ഉപയോഗിച്ചാണ് ടാങ്കർ ലോറി ഉയർത്തിയത്. വാഹനത്തിൻറ ഡ്രൈവറായ കൃഷണൻകുട്ടി, കൂടെ ഉണ്ടായിരുന്ന ജിനു എന്നിവർക്ക് പരിക്കേറ്റു. ഇവരെ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഫയർ ആൻറ് റെസ്ക്യൂ ടീമും പൊലീസും സ്ഥലത്ത് എത്തി അപകടമില്ലെന്ന് ഉറപ്പാക്കി. ഇന്നലെ രാത്രി 12 മണിയോടെയാണ് സംഭവം ഉണ്ടായത്.

# വിധിയെഴുതി പുതുപ്പള്ളി; പോളിങ് 73.05 ശതമാനം

### വോട്ട് ചെയ്യാൻ സാധിക്കാതെ നിരവധി പേർ

കോട്ടയം: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ 73.05 ശതമാനം പോളിങ്. ആറ് മണിക്ക് വോട്ടെടുപ്പ് അവസാനിക്കുമ്പോഴും പല ബൂത്തുകളിലും ക്യൂവിൽ ആളുകളുണ്ടായിരുന്നു. പോളിങ് സ്റ്റേഷന്റെ ?ഗെയ്റ്റ് അടച്ച ശേഷം വോട്ടർമാർക്ക് സ്ലിപ്പ് നൽകി വോട്ട് ചെയ്യാൻ അവസരം നൽകി. 182 പോളിങ് സ്റ്റേഷനുകളിലായി 73.05 ശതമാനമാണ് പോളിങ് രേഖപ്പെടുത്തിയത്. ഉച്ചയാകുമ്പോൾ തന്നെ 50 ശതമാനം പോളിങ് നടന്നു. മഴ ഭീഷണി ഒഴിഞ്ഞതോടെ വൈകീട്ടാകുമ്പോഴേക്കും പല ബൂത്തുകളിലും തിരക്ക് കൂടി. അതിനിടെ പലർക്കും വോട്ട് ചെയ്യാൻ കഴിഞ്ഞില്ലെന്ന പരാതിയും ഉയർന്നു. വോട്ടു ചെയ്യാൻ എത്തിയവർക്ക് മണിക്കൂറുകൾ കാത്തു നിൽക്കേണ്ടി വന്നു. പോളിങ് വൈകിയത് സംശയാസ്പദമാണെന്നും ഇക്കാര്യം അന്വേഷിക്കണമെന്നും യുഡിഎഫ് സ്ഥാനാർഥി ചാണ്ടി ഉമ്മൻ ആവശ്യപ്പെട്ടു.എൽഡിഎഫ് സ്ഥാനാർഥി ജെയ്ക് സി തോമസ് മണർക്കാട് ഗവ. എൽപി സ്കൂളിലും ചാണ്ടി ഉമ്മൻ പുതുപ്പള്ളി ജോർജിയൻ പബ്ലിക്ക് സ്കൂളിലും ബിജെപി സ്ഥാനാർഥി ലിജിൻ ലാൽ കടുത്തുരുത്തി മണ്ഡലത്തിലെ കുറിച്ചിത്താനം സ്വദേശിയാണ്. അതിനാൽ അദ്ദേഹത്തിനു പുതുപ്പള്ളിയിൽ വോട്ടില്ല.



വോട്ട് ചെയ്യാൻ ക്യൂവിൽ നിൽക്കുന്നവർ തിരിച്ചറിയൽ രേഖ ഉയർത്തി കാണിക്കുന്നു

നാല് മണിയോടെ പോളിങ് 66.54 ശതമാനം രേഖപ്പെടുത്തിയിരുന്നു. വോട്ടു ചെയ്തവരുടെ എണ്ണം 1,10,000 പിന്നിട്ടു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാലുമണി വരെ രേഖപ്പെടുത്തിയത് 59.43 ശതമാനമായിരുന്നു. സ്ത്രീകളാണ് വോട്ട് രേഖപ്പെടുത്തിവരിൽ കൂടുതൽ. 58,900 സ്ത്രീകൾ ഇതുവരെ വോട്ട് രേഖപ്പെടുത്തി. രാവിലെ ഏഴ് മണിക്കു മുന്നേ മിക്ക ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിര ദൃശ്യമായിരുന്നു.

## പ്രത്യേക പാർലമെന്റ് സമ്മേളനം; സോണിയാഗാന്ധി പ്രധാനമന്ത്രിക്ക് കത്ത് അയച്ചു

ഡൽഹി: പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ സോണിയാഗാന്ധി പ്രധാന മന്ത്രി നരേന്ദ്ര മോദിക്ക് കത്ത് അയച്ചു. ഇൻഡ്യ മുന്നണിയെ പ്രതിനിധീകരിച്ച് ആണ് സോണിയാ ഗാന്ധി കത്തെഴുതിയത്.

വിലക്കയറ്റം, തൊഴിലില്ലായ്മ, കർഷകർക്ക് നൽകിയ ഉറപ്പുകളുടെ നിലവിലെ സാഹചര്യം, അദാനി വിഷയം എന്നിവയിൽ പാർലമെന്റിൽ ചർച്ച ആവശ്യപ്പെട്ടാണ് കത്ത്.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിൽ ഉൾപ്പെടെയുള്ള വിഷയങ്ങൾ പാർലമെന്റിൽ ചർച്ചയ്ക്ക് എടുത്താൽ ശക്തമായി പ്രതിരോധിക്കാനാണ് പ്രതിപക്ഷ നീക്കം.

ഈ മാസം 18 ആരംഭിക്കുന്ന പ്രത്യേക പാർലമെൻറ് സമ്മേളനത്തിലെ അജണ്ടകൾ വ്യക്തമായതിനുശേഷം യോജിച്ച പ്രതിഷേധത്തിലേക്ക് നീങ്ങാനാണ് ഇൻഡ്യ മുന്നണി തീരുമാനിച്ചത്. അജണ്ടകൾ എന്താണെന്ന് അറിയാതെ കൂടുതൽ വിമർശനങ്ങൾ ഉയർത്തേണ്ടത് ഇല്ല എന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ഇന്ത്യയെന്ന രാജ്യത്തിൻറെ പേര് ഭാരതമെന്നാക്കി മാറ്റൽ തുടങ്ങി കേന്ദ്രസർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഏകപക്ഷീയമായ നീക്കങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ ഇന്നലെ ചേർന്ന ഇൻഡ്യ മുന്നണി യോഗത്തിലും ധാരണയായി.

## ഇന്ത്യ എന്നത് അംഗീകരിക്കപ്പെട്ട പേര് ; മാറ്റാനുള്ള നീക്കം അനാവശ്യമെന്ന് സിദ്ധരാമയ്യ

ബെംഗളൂരു: ഇന്ത്യയുടെ പേര് ഭാരതം എന്നാക്കി മാറ്റാനുള്ള കേന്ദ്ര സർക്കാരിൻറെ നീക്കത്തിനെതിരെ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. ഇന്ത്യ എന്നത് അംഗീകരിക്കപ്പെട്ട പേരായതിനാൽ രാജ്യത്തിന്റെ പേര് ഭാരതം എന്നാക്കി മാറ്റാനുള്ള ശ്രമങ്ങൾ അനാവശ്യമാണെന്ന് സിദ്ധരാമയ്യ പറഞ്ഞു. ഇന്ത്യ എന്ന പേര് ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 'പ്രസിഡൻറ് ഓഫ് ഭാരത്' എന്ന പേരിൽ പുറത്തുവന്ന ജി20 അത്താഴ ക്ഷണം വൈറലായതിന് പിന്നാലെയുണ്ടായ വിവാദങ്ങളോട് പ്രതികരിക്കുകയായിരുന്നു സിദ്ധരാമയ്യ."നമ്മുടെ ഭരണഘടനയിൽ, ഇന്ത്യ എന്ന പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനെ 'ഇന്ത്യയുടെ ഭരണഘടന' എന്ന് വിളിക്കുന്നു. 'ഇന്ത്യ' എന്നത് നമ്മുടെ രാജ്യത്തിന് സ്വീകാര്യമായ



പദമാണ്. അതിനെ ഭാരതമാക്കുന്നത് ആവശ്യമില്ലാത്ത നടപടിയാണെന്ന് ഞാൻ കരുതുന്നു' സിദ്ധരാമയ്യ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. രാജ്യത്തിൻറെ പേര് ഇന്ത്യ എന്നതിൽ നിന്ന് ഭാരതം എന്നാക്കി മാറ്റാൻ സർക്കാർ ശ്രമിക്കുന്നുവെന്ന് പ്രതിപക്ഷ പാർട്ടികൾ ആരോപിക്കുന്നതിനിടെ, 'ദി പ്രസിഡന്റ് ഓഫ് ഭാരത്' എന്ന പേരിൽ നൽകിയ ജി 20 അത്താഴക്ഷണം സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. ജി20 ഉച്ചകോടിയുടെ വേദിയായ ഭാരത് മണ്ഡപത്തിൽ ശനിയാഴ്ച രാത്രി 8ന് നടക്കുന്ന ചടങ്ങിലേക്കുള്ള ക്ഷണമാണിത്.

വിഷയത്തിൽ കേന്ദ്ര നീക്കത്തെ എതിർത്ത് കർണാടക ഉപമുഖ്യമന്ത്രിയും സംസ്ഥാന കോൺഗ്രസ് അധ്യക്ഷനുമായ ഡികെ ശിവകുമാറും രംഗത്ത് വന്നിരുന്നു. "ഇത് ശരിയല്ല, ഇത്തരം രാഷ്ട്രീയം നടത്തരുത്, നിങ്ങൾ (ബിജെപി) അധികകാലം അധികാരത്തിൽ തുടരാൻ പോകുന്നില്ല.' ശിവകുമാർ ഇതിനോട് പ്രതികരിച്ചു. 'ഇത് റിപ്പബ്ലിക് ഓഫ് ഇന്ത്യയാണ്, നമ്മുടെ കറൻസി നോട്ടുകളും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ് പറയുന്നത്....ഞങ്ങൾ (എൻഡിഎ ഇതര പാർട്ടികൾ) ഞങ്ങളുടെ സഖ്യത്തെ ഇന്ത്യ എന്ന് വിളിച്ചത് അവർക്ക് (കേന്ദ്ര സർക്കാർ) ദഹിച്ചിട്ടില്ല, അതിനാലാണ് ഇവർ ഈ നീക്കം നടത്തുന്നത്.

ഇത് അവർക്ക് നമ്മളെക്കുറിച്ചുള്ള ഭയത്തിന്റെ അളവ് കാണിക്കുന്നു. അവരെ ഇത് എത്രമാത്രം ബാധിച്ചുവെന്നും മനസിലാക്കാം. സ്വന്തം പരാജയം അവർക്ക് കാണാൻ കഴിയുന്നു" കനകപുരയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

## 'പാർട്ടി ഓഫിസുകൾ അടച്ചുപൂട്ടാൻ ഒരു ശക്തിക്കും കഴിയില്ല'; ഹൈക്കോടതിയെ വെല്ലുവിളിച്ച് സിപിഎം

തൊടുപുഴ: പാർട്ടി ഓഫിസുകൾ അടച്ചുപൂട്ടാൻ ഒരു ശക്തിക്കും കഴിയില്ലെന്ന് സിപിഎം ഇടുക്കി ജില്ലാ സെക്രട്ടറി സി വി വർഗീസ്. നിർമ്മാണ നിരോധനത്തിൽ പരസ്യ പ്രസ്താവന പാടില്ലെന്ന ഹൈക്കോടതി ഉത്തരവ് ലംഘിച്ചു കൊണ്ടാണ് വർഗീസിന്റെ പരാമർശം. അടിമാലിയിൽ ഇന്നലെ നടന്ന പാർട്ടി യോഗത്തിലാണ് ജില്ലാ സെക്രട്ടറിയുടെ വെല്ലുവിളി പ്രസംഗം."നിയമപരമായ വ്യവസ്ഥതകൾ ഉപയോഗിച്ച് പാർട്ടി ഇക്കാര്യങ്ങളെ നേരിടും. സിപിഎമ്മിന് ഇതിൽ ആശങ്കയില്ല. 1964ലെ ഭൂപതിവ് വിനിയോഗം ചട്ടഭേദഗതി ബിൽ ഈ മാസം 14ന് ചേരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും. ഇതോടെ ഇടുക്കിയിലെ നിർമ്മാണ നിരോധനം മാറും. ജില്ലയിലെ സിപിഎമ്മിന്റെ എല്ലാ പാർട്ടി ഓഫിസുകളും സ്വൈര്യമായി പ്രവർത്തിച്ചിരിക്കും. അൻപത് വർഷക്കാലമായി പ്രവർത്തി



ക്കുന്ന ശാന്തൻപാറ ഏരിയാ കമ്മിറ്റി ഓഫിസ് അനധികൃതമാണെന്നാണ് പറയുന്നത്. വീട്ടിൽ പട്ടിണി കിടക്കുമ്പോളും അരിമേടിക്കാൻ വച്ച പൈസ നൽകി സഖാക്കൾ നിർമിച്ച ഓഫിസുകളാണിത്" സി വി വർഗീസ് യോ?ഗത്തിൽ പറഞ്ഞു. ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ അനധികൃത പാർട്ടി ഓഫീസ് നിർമ്മാണത്തിനെതിരായ കേസുകൾ പരിഗണിക്കുമ്പോഴായിരുന്നു, വിഷയത്തിൽ പരസ്യ പ്രസ്താവന നടത്തരുതെന്ന് ജില്ലാ സെക്രട്ടറിക്ക് ഹൈക്കോടതി നിർദേശം നൽകിയത്.

## നടി പരാതി നൽകി; തെരുവ് നായയെ ഇടിച്ചതിന് ട്രക്ക് ഡ്രൈവർക്കെതിരെ കേസ്

മുംബൈ: തെരുവ് നായയെ ട്രക്ക് ഇടിച്ച സംഭവത്തിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. 'സാവ്ധാൻ ഇന്ത്യ, യേ ജാദൂ ഹേ ജിൻ കാ, ബ്ലാക്ക് കോഫി എന്നിവയടക്കം സീരിയലുകളിലെ വേഷങ്ങളിലൂടെ പ്രശസ്തയായ നടി പൂജ യാദവിന്റെ പരാതിയെ തുടർന്നാണ് നടപടി. ഓഗസ്റ്റ് 29ന് പുലർച്ചെ ഖാർ വെസ്റ്റിലെ 24 റോഡിന്റെയും 34 റോഡിന്റെയും ജംഗ്ഷനിൽ ക്രിസ്റ്റൽ ഷോപ്പർ പാരഡൈസിന് സമീപം മുംബൈ മുനിസിപ്പൽ കോർപ്പറേഷന്റെ മാലിന്യം നീക്കം ചെയ്യുന്ന ട്രക്കാണ് നായയെ ഇടിച്ചത്.ഖാർ വെസ്റ്റിലെ സി.സി.ടി.വി കാമറകളിൽ ദൃശ്യം പതിഞ്ഞിട്ടുണ്ട്. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതായി ഖാർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു. സംഭവം നടന്നതു മുതൽ നായയെ കാണാതായതായും റിപ്പോർട്ടുണ്ട്. നായയെ കാണാതായ വിവരം ലഭിച്ചതിനെ തുടർന്ന് പ്രദേശത്തെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചതിനെ തുടർന്നാണ് മാലിന്യ ശേഖരണ വാഹനം നായയെ ഇടിച്ചതായി കണ്ടെത്തിയതെന്ന് അവർ അറിയിച്ചു. വേൾഡ് ഓഫ് വിസ്കേഴ്സ്' എന്ന പേരിൽ ഒരു എൻജിഒ പൂജ യാദവ് നടത്തുന്നുണ്ട്.

## മരണവീട്ടിൽ വാക്കുതർക്കം, ബന്ധുക്കളുടെ അടിയേറ്റയാൾ മരിച്ചു, അറസ്റ്റ്

തിരുവനന്തപുരം: മരണവീട്ടിലെ വാക്കുതർക്കത്തെ തുടർന്ന് ബന്ധുക്കളുടെ മർദനമേറ്റയാൾ മരിച്ചു.

കാട്ടാക്കട തൂങ്ങാംപാറ പൊറ്റവിളയിൽ ജലജൻ (55) ആണ് മരിച്ചത്. അടുത്ത ബന്ധുക്കളായ സുനിൽകുമാർ, സഹോദരൻ സാബു എന്നിവർ തമ്മിലുണ്ടായ വാക്കുതർക്കമാണ് ജലജന്റെ കൊലപാതകത്തിൽ കലാശിച്ചത്.

ഇവരുടെ അടുത്ത ബന്ധുവിന്റെ സംസ്കാരച്ചടങ്ങിനു ചൊവ്വാഴ്ച വൈകീട്ട് നാലോടെ എത്തിയതായിരുന്നു ഇരുഭാഗവും. ഇവിടെനിന്നു മടങ്ങുമ്പോൾ ഓട്ടോറിക്ഷയിൽ എത്തിയ സുനിലും സാബുവും കാറിലെത്തിയ ജലജനുമായി മരണവീടിനു സമീപം റോഡിൽവെച്ച് വാക്കേറ്റവും ഉന്തുംതള്ളുമുണ്ടായി. തുടർന്ന് അടിപിടിയാകുകയും സഹോദരങ്ങളിൽ ഒരാൾ കല്ലെടുത്ത് ജലജന്റെ മുഖത്തുൾപ്പെടെ ഇടിക്കുകയുമായിരുന്നു. മരണവീട്ടിലെത്തിയവർ വിവരമറിയിച്ചതിനെ തുടർന്ന് കാട്ടാക്കട പൊലീസ് എത്തിയാണ് ചോരവാർന്ന് റോഡിൽ കിടന്ന ജലജനെ ആശുപത്രിയിലേക്ക് മാറ്റിയത്. പൊലീസെത്തുമ്പോഴേക്കും അക്രമികൾ രക്ഷപ്പെട്ടിരുന്നു. സുനിൽകുമാർ കാട്ടാക്കട സ്റ്റേഷനിലെത്തി കീഴടങ്ങുകയായിരുന്നു.

സാബുവിനെ കുരവറയിലെ ഭാര്യവീട്ടിൽനിന്ന് കസ്റ്റഡിയിലെടുത്തു. ജലജന്റെ സഹോദരിയുടെ മകളെ വിവാഹം കഴിച്ചയാളാണ് കാട്ടാക്കടയിലെ ചുമട്ടുതൊഴിലാളിയായ സുനിൽകുമാർ. സാബു പൂവച്ചലിൽ ഓട്ടോറിക്ഷ ഡ്രൈവറാണ്. അഞ്ചുവർഷത്തോളമായി ഇവർ തമ്മിൽ പലപ്രാവശ്യം പ്രശ്നങ്ങളുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി നടന്ന സംഘർഷമാണ് ഒരു ജീവനെടുത്തത്. പാറമുകളിൽ 'ന്യൂ ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യ' എന്ന സംഘടനയുടെ കീഴിൽ ഓൾഡ് ഏജ് ഹോം നടത്തുന്ന ജലജന്റെ മരണത്തോടെ, 10 അന്തേവാസികളുള്ള ഈ കേന്ദ്രത്തിന്റെ നടത്തിപ്പും പ്രതിസന്ധിയിലായി.

## സഹപാഠികളെകൊണ്ട് വിദ്യാർഥിയുടെ മുഖത്തടിപ്പിച്ച കേസ്: തുഷാർ ഗാന്ധിയുടെ ഹരജിയിൽ സുപ്രീംകോടതി നോട്ടീസ്

ഡൽഹി: ഉത്തർപ്രദേശിൽ അധ്യാപിക മുസ്‍ലിം വിദ്യാർഥിയെ സഹപാഠികളെ കൊണ്ട് തല്ലിച്ച സംഭവത്തിൽ തുഷാർ ഗാന്ധി സമർപ്പിച്ച ഹരജിയിൽ സുപ്രീംകോടതി നോട്ടീസ്. അന്വേഷണ പുരോഗതി അറിയിക്കാൻ മുസഫർ നഗർ എസ്പിക്ക് സുപ്രിം കോടതി നിർദേശം നൽകി. സെപ്തംബർ 25 ന് മുൻപ് മറുപടി നൽകാനാണ് നിർദേശം. കൂടാതെ സംഭവത്തിൽ ഇരയാക്കപ്പെട്ട കുട്ടിയെ സംരക്ഷിക്കാൻ പൊലീസ് സ്വീകരിച്ച നടപടികളെ കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി വ്യക്തമാക്കി.കഴിഞ്ഞ 24നാണ് നേഹ പബ്ലിക് സ്കൂളിലെ ക്ലാസ് മുറിയിൽ മുസ്‍ലിം വിദ്യാർഥിയെ എഴുന്നേൽപിച്ച് നിർത്തി മറ്റു വിദ്യാർഥികളെ കൊണ്ട് അധ്യാപിക കുട്ടിയുടെ മുഖത്ത് അടിപ്പിച്ചത്. സമൂഹമാധ്യമങ്ങളിൽ ദൃശ്യങ്ങൾ പ്രചരിച്ചതോടെ അധ്യാപികക്കെതിരെ നടപടിയാവശ്യപ്പെട്ട് വ്യാപക പ്രതിഷേധമുയർന്നിരുന്നു. എന്നാൽ കേസെടുത്തിട്ടും അധ്യാപികയുടെ ചോദ്യം ചെയ്യൽ അടക്കമുള്ള നടപടികളിലേക്ക് പൊലീസ് കടന്നിട്ടില്ല. സംഭവത്തിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകൾ ചുമത്തി പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്.

# 'ബൂത്ത് ട്രോളിന്' ചാണ്ടി ഉമ്മന്റെ മറുപടി, 'പോളിങ് മനപ്പൂർവ്വം വൈകിപ്പിച്ചതുതന്നെ'



കോട്ടയം: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ പോളിങ് മനപ്പൂർവ്വം വൈകിപ്പിച്ചതാണെന്ന ആരോപണം ആവർത്തിച്ച് യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മൻ. രാവിലെ കണ്ട തിരക്ക് എങ്ങനെ തടയപ്പെട്ടു? ഇത്രയും ആൾക്കാർ വന്ന് വോട്ട് ചെയ്യാൻ നിന്നിട്ടും എന്തുകൊണ്ട് പോളിങ് ശതമാനം കുറഞ്ഞു? സംഘടിതമായ ശ്രമമുണ്ടായോ എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വയം ആലോചിക്കേണ്ടതാണ്- ചാണ്ടി ഉമ്മൻ പറഞ്ഞു. വിദേശരാജ്യങ്ങളിൽ നിന്നുവരെ ആളുകൾ വോട്ട് ചെയ്യാൻ വന്നു. മണിക്കൂറുകൾ കാത്തുനിന്നാണ് ആളുകൾ മടങ്ങിപ്പോയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പോളിങ് വൈകിയ ബൂത്തുകളിലെ തൊട്ടടുത്ത ബൂത്തുകളിലെ മെഷീനുകൾക്ക് കുഴപ്പമില്ലെന്നും ആളുകൾ വെറുതേയിരിക്കുകയാണ്, ബൂത്ത് മാറ്റിക്കൂടെയെന്നും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് ചാണ്ടി ഉമ്മൻ ചോദിക്കുന്ന വീഡിയോ പുറത്തുവന്നിരുന്നു. ഇതിന് പിന്നാലെ, തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ അറിയാത്ത ആളാണ് ചാണ്ടി ഉമ്മൻ എന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ വിമർശനം ഉയർന്നിരുന്നു. ഇതേക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് ചാണ്ടിയുടെ മറുപടി ഇങ്ങനെ:

'ഞാൻ ടെക്നിക്കാലിറ്റിയിൽ വിശ്വസിക്കാത്ത ആളാണ്. ടെക്നാക്കാലിറ്റിക്ക് അപ്പുറം മനുഷ്യത്വം പരിഗണിക്കണം എന്നാണ് എന്റെ പിതാവ് എനിക്ക് കാണിച്ചു തന്നത്. ടെക്നിക്കാലിറ്റി വച്ച് ആളുകളെ ബുദ്ധിമുട്ടിക്കാൻ പാടില്ല. അതാണ് ഉദ്ദേശിച്ചത്. ആളുകളുടെ സമയത്തിന് വിലയില്ലേ? എന്റെ ജനങ്ങളാണ്, അവർ ബുദ്ധിമുട്ടുമ്പോൾ ഞാൻ രാവിലെ മുതൽ ഈ പ്രശ്നം പറഞ്ഞുകൊണ്ടിരിക്കുകയാണ്. എനിക്ക് നിയമമോ ടെക്നിക്കാലിറ്റിയോ അല്ല പ്രശ്നം, ജനങ്ങളുടെ ബുദ്ധിമുട്ടാണ്. അതിന്റെ പേരിൽ എന്നെ ട്രോൾ ചെയ്താൽ ഞാനത് കണക്കാക്കുന്നില്ല. സാധാരണക്കാരന് വേണ്ടി ഞാൻ സംസാരിക്കും. എന്തുകൊണ്ട് താമസം വന്നു എന്ന് ചോദിക്കുമ്പോൾ പ്രിസൈഡിങ് ഓഫീസർ ഉത്തരം നൽകുന്നില്ല. അപ്പോൾ പ്രിസൈഡിങ് ഓഫീസറെ സംരക്ഷിക്കാൻ വേണ്ടി പുറത്തുനിന്ന് കുറച്ചുപേർ കയറി വരികയാണ്. യാഥാർത്ഥ്യം പുറത്തറിയാതിരിക്കാൻ വേണ്ടിയാണ് അവർ അത് ചെയ്തത്.'- അദ്ദേഹം പറഞ്ഞു.

# 'ബിജെപി വോട്ടുകൾ ചാണ്ടി ഉമ്മൻ വാങ്ങിയിട്ടില്ലെങ്കിൽ ഞങ്ങൾ ജയിക്കും'; എംവി ഗോവിന്ദൻ



തൃശ്ശൂർ: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ ബിജെപി വോട്ടുകൾ യുഡിഎഫിലേക്ക് പോയോ എന്ന് സംശയമുണ്ടെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. പുതുപ്പള്ളിയിൽ ബിജെപിക്ക് 19,000 വോട്ടുണ്ട്. അത് യുഡിഎഫ് വാങ്ങിയോ എന്ന് നല്ല സംശയമുണ്ട്. ബിജെപി വോട്ട് ചാണ്ടി ഉമ്മൻ വാങ്ങിയില്ലെങ്കിൽ ഞങ്ങൾ ജയിക്കും.- എംവി ഗോവിന്ദൻ പറഞ്ഞു. ആര് ജയിച്ചാലും വലിയ ഭൂരിപക്ഷമുണ്ടാകില്ല. വോട്ടിങ് വൈകിപ്പിച്ചെന്ന ആരോപണം വെറുതെയാണെന്ന് കലക്ടർ തന്നെ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം, പോളിങ് മനപ്പൂർവ്വം വൈകിപ്പിച്ചതാണെന്ന ആരോപണം ആവർത്തിച്ച് യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മൻ രംഗത്തെത്തി. രാവിലെ കണ്ട തിരക്ക് എങ്ങനെ തടയപ്പെട്ടു? ഇത്രയും ആൾക്കാർ വന്ന് വോട്ട് ചെയ്യാൻ നിന്നിട്ടും എന്തുകൊണ്ട് പോളിങ് ശതമാനം കുറഞ്ഞു? സംഘടിതമായ ശ്രമമുണ്ടായോ എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വയം ആലോചിക്കേണ്ടതാണ്- ചാണ്ടി ഉമ്മൻ പറഞ്ഞു. വിദേശരാജ്യങ്ങളിൽ നിന്നുവരെ ആളുകൾ വോട്ട് ചെയ്യാൻ വന്നു. മണിക്കൂറുകൾ കാത്തുനിന്നാണ് ആളുകൾ മടങ്ങിപ്പോയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്തുകൊണ്ട് താമസം വന്നു എന്ന് ചോദിക്കുമ്പോൾ പ്രിസൈഡിങ് ഓഫീസർ ഉത്തരം നൽകുന്നില്ല. അപ്പോൾ പ്രിസൈഡിങ് ഓഫീസറെ സംരക്ഷിക്കാൻ വേണ്ടി പുറത്തുനിന്ന് കുറച്ചുപേർ കയറി വരികയാണ്. യാഥാർത്ഥ്യം പുറത്തറിയാതിരിക്കാൻ വേണ്ടിയാണ് അവർ അത് ചെയ്തത്.'- അദ്ദേഹം പറഞ്ഞു.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസ്**

# ഇഡിക്ക് മുന്നിൽ ഹാജരാകുമെന്ന് എ സി മൊയ്തീൻ





കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസിൽ ഇഡിക്ക് മുന്നിൽ ഹാജരാകുമെന്ന് സി.പി.എം നേതാവ് എ സി മൊയ്തീൻ.

കേസിൽ 11ന് കൊച്ചി ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് എ സി മൊയ്തീന് ഇഡി വീണ്ടും നോട്ടീസ് നൽകിയിരുന്നു. 11ന് തന്നെ ചോദ്യം ചെയ്യലിനായി ഇഡിക്ക് മുന്നിൽ ഹാജരാകുമെന്ന് എ സി മൊയ്തീൻ അറിയിച്ചു. ഇഡി ആവശ്യപ്പെട്ട രേഖകളും ഹാജരാക്കും. നിയമസഭ സമ്മേളനം നടക്കുന്ന സമയമാണെങ്കിലും ഹാജരാകുമെന്നും മൊയ്തീൻ വ്യക്തമാക്കി.

മൊയ്തീന് മൂന്നാംതവണയാണ് ഇഡി നോട്ടീസ് നൽകുന്നത്. നേരത്തെ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് രണ്ടു തവണ നോട്ടീസ് നൽകിയപ്പോഴും മൊയ്തീൻ ഹാജരായിരുന്നില്ല. ഇഡി കൊച്ചി ഓഫിസിൽ ചോദ്യം ചെയ്യലിനു ഹാജരാകാൻ ആവശ്യപ്പെട്ട് കഴിഞ്ഞ മാസം 31നും ഈ മാസം നാലിനും നോട്ടീസ് നൽകിയപ്പോഴാണ് അസൗകര്യം അറിയിച്ച് മൊയ്തീൻ ഹാജരാകാതിരുന്നത്.

ഇഡി ആവശ്യപ്പെട്ട ആദായനികുതി രേഖകൾ ഹാജരാക്കാൻ കൂടുതൽ സാവകാശം വേണമെന്നാണ് മൊയ്തീൻ ആവശ്യപ്പെട്ടിരുന്നത്.

# 'ലൈംഗിക ബന്ധം സമ്മതത്തോടെയെന്ന് വാട്സ്ആപ്പ് ചാറ്റിൽ വ്യക്തം'; പ്രതിക്ക് മുൻകൂർ ജാമ്യം

കൊച്ചി: വാട്സ്ആപ്പ് ചാറ്റ് സ്ക്രീൻഷോട്ട് തെളിവായി സ്വീകരിച്ച് ബലാത്സംഗ കേസിൽ പ്രതിക്കു മുൻകൂർ ജാമ്യം നൽകി ഹൈക്കോടതി ഉത്തരവ്.

ലൈംഗിക ബന്ധം സമ്മതത്തോടെയാണെന്നതിനു ചാറ്റിൽ തെളിവുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി നടപടി. ഹോട്ടൽ മുറിയിൽ വച്ച് മദ്യം നൽകി മയക്കി രണ്ടു പേർ ചേർന്നു ബലാത്സംഗം ചെയ്തെന്ന കേസിലാണ് ഉത്തരവ്. രണ്ടാം പ്രതിയാണ് മുൻകൂർ ജാമ്യത്തിനായി കോടതിയെ സമീപിച്ചത്. പ്രതി മുറിയിൽ ഉണ്ടെന്ന് അറിഞ്ഞുകൊണ്ട്, സ്വമേധയായാണ് യുവതി ഹോട്ടലിലേക്കു പോയതെന്ന് വാട്ട്സ്ആപ്പ് ചാറ്റ് സ്ക്രീൻഷോട്ടിൽനിന്നു വ്യക്തമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. മുറിയിൽ വച്ചുള്ള ലൈംഗിക ബന്ധം സമ്മതത്തോടെയാണെന്നും ചാറ്റിൽ നിന്നു വ്യക്തമാണ്. ഇതിനു ശേഷം പ്രതികൾ യുവതിക്ക് 5000 രൂപ നൽകിയെന്നതും ചാറ്റിലുണ്ട്- കോടതി പറഞ്ഞു. യുവതിയെ തിരുവല്ലയിലെ ഹോട്ടൽ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി മദ്യ നൽകി പീഡിപ്പിച്ചു ചിത്രങ്ങൾ പകർത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്. പ്രതികൾ ഈ ദൃശ്യങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു.

പരാതി നൽകാൻ പന്ത്രണ്ടു ദിവസം താമസിച്ചു എന്നതു കൂടി കണക്കിലെടുത്താണ് ഹൈക്കോടതി ഉത്തരവ്.

പ്രതിയെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ട കാര്യമില്ലെന്ന് കോടതി നിരീക്ഷിച്ചു.

# വാഹനാപകടത്തിൽ മകൻ മരിച്ചതറിഞ്ഞ് മാതാവ് ആത്മഹത്യ ചെയ്തു





വൈത്തിരി: മകൻ വാഹനാപകടത്തിൽ മരിച്ചതറിഞ്ഞ് മാതാവ് ആത്മഹത്യ ചെയ്തു. നെടുമങ്ങാട് മുള്ളൂർക്കോണം 'അറഫ'യിൽ സുലൈമാന്റെ ഭാര്യ ഷീജ ബീഗമാണ് ബുധനാഴ്ച രാവിലെ കിണറ്റിൽ ചാടി ജീവനൊടുക്കിയത്.മകൻ പൂക്കോട് സജിൻ മുഹമ്മദ് (28) ചൊവ്വാഴ്ച ഉച്ചക്ക് വെറ്ററിനറി സർവകലാശാല കാമ്പസിനകത്തുണ്ടായ വാഹനാപകടത്തിൽ മരിച്ചിരുന്നു. എം.വി.എസ്.സി അവസാന വർഷ വിദ്യാർഥിയായിരുന്നു സജിൻ.

മകന്റെ മരണത്തിൽ മനംനൊന്താണ് മാതാവ് ജീവനൊടുക്കിയത്.മകന്റെ മരണ വിവരം അറിഞ്ഞ് സജിന്റെ പിതാവും ബന്ധുക്കളും പൂക്കോട് എത്തിയിരുന്നു. അപകടത്തിൽ വൈത്തിരി പൊലിസ് അന്വേഷണമാരംഭിച്ചു. മരിച്ച ഷീജ ബീഗം നെടുമങ്ങാട് മുള്ളൂർക്കോണം ഗവ. എൽ.പി.സ്കൂൾ അധ്യാപികയാണ്.

## ബഹ്റൈനിൽ മലയാളി യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

മനാമ: ബഹ്റൈനിൽ മലയാളി യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. ചെറുകിട പലചരക്ക് കച്ചവടം നടത്തിയിരുന്ന മലപ്പുറം പൊന്നാനി തിരൂർ പടിഞ്ഞാറക്കര കോലൻഞാട്ടു വേലായുധൻ ജയൻ (46) ആണ് മരിച്ചത്. ഹാജിയത്തിലെ താമസ സ്ഥലത്താണ് വേലായുധൻ ജയനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ആത്മഹത്യയാണെന്നു സംശയിക്കുന്നു.

രണ്ട് ദിവസമായി ജയനെ കാണാനില്ലായിരുന്നു. ഫോണിൽ വിളിച്ചിട്ടു മറുപടി ലഭിക്കാത്തതിനെ തുടർന്നു നാട്ടിലെ ബന്ധുക്കൾ ബഹ്റൈനിലെ സുഹൃത്തുക്കളെ വിവരം അറിയിച്ചു. പിന്നാലെ നടത്തിയ അന്വേഷണത്തിൽ കടയുടെ ഷട്ടർ തുറന്ന നിലയിലായിരുന്നു. ആളെ പക്ഷേ കണ്ടെത്താൻ കഴിഞ്ഞില്ല. സമീപവാസികൾ താമസ സ്ഥലത്തു പരിശോധന നടത്തിയിട്ടും കണ്ടെത്തിയില്ല. സ്പോൺസർ പൊലീസിൽ പരാതിയും നൽകി.

# ബാറിലെ മദ്യവിൽപന പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ വീഡിയോ; യൂട്യൂബർക്കെതിരെ വീണ്ടും കേസ്



തിരുവനന്തപുരം: പ്രമുഖ യൂട്യൂബർ മുകേഷ് എം നായർക്കെതിരെ രണ്ട് കേസുകൾ കൂടി. ബാറുകളിലെ മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നവിധം സാമൂഹിക മാധ്യമങ്ങളിൽ വീഡിയോ പങ്കുവെച്ചതിന് കൊട്ടാരക്കര, തിരുവനന്തപുരം എക്സൈസ് ഇൻസ്പെക്ടർമാരാണ് കേസെടുത്തത്. ബാർ ലൈസൻസികളെയും പ്രതി ചേർത്തു.

വിവിധ ഭക്ഷണ ശാലകൾ, ബാറുകളിലെ മദ്യ വിൽപ്പന എന്നിവയെ കുറിച്ച് വീഡിയോ ചിത്രീകരിച്ച് പങ്കുവെയ്ക്കുന്ന യൂട്യൂബർ ആണ് മുകേഷ് എം നായർ. നിരവധി ഫോളോവേഴ്സാണ് മുകേഷ് എം നായർക്ക് ഉള്ളത്. നേരത്തെ തന്നെ ഇത് ഒരു ചട്ടലംഘനമാണ് എന്ന് എക്സൈസ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയിരുന്നു. അബ്കാരി ചട്ടപ്രകാരം മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്ന വിധം ഒന്നും ചെയ്യരുത് എന്നാണ് വ്യവസ്ഥ. എന്നാൽ ഇത് ലംഘിച്ച് ബാറുകൾ സന്ദർശിച്ച് മദ്യത്തെ പ്രോത്സാഹിപ്പിച്ച് സാമൂഹിക മാധ്യമങ്ങളിൽ വീഡിയോ പങ്കുവെച്ചു എന്നതാണ് കേസ്.കഴിഞ്ഞ ദിവസം കൊല്ലത്ത് ഉദ്ഘാടനം ചെയ്ത ബാറിലെ മദ്യവിൽപ്പനയെ കുറിച്ച് വീഡിയോ ചെയ്തതിന് മുകേഷിനെതിരെ ഒരു കേസ് എടുത്തിട്ടുണ്ട്. മദ്യവിൽപ്പനയെ പ്രോത്സാഹിപ്പിക്കുന്ന വിധം വീണ്ടും വീഡിയോ ചിത്രീകരിച്ച് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ചതിനാണ് കൊട്ടാരക്കര, തിരുവനന്തപുരം റേഞ്ചുകളിലെ എക്സൈസ് ഇൻസ്പെക്ടർമാർ യൂട്യൂബർക്ക് എതിരെ മറ്റു രണ്ടു കേസുകൾ കൂടി എടുത്തത്. അബ്കാരി ചട്ടം ലംഘിച്ചതിന് ബാർ ലൈസൻസികളെയും കേസിൽ പ്രതി ചേർത്തിട്ടുണ്ട്.

## എസ്പിജി ഡയറക്ടർ അരുൺ കുമാർ സിൻഹ അന്തരിച്ചു

തിരുവനന്തപുരം: എസ്പിജി ഡയറക്ടർ അരുൺ കുമാർ സിൻഹ അന്തരിച്ചു. ദീർഘകാലമായി അർബുദ രോഗബാധിതനായിരുന്ന അദ്ദേഹം ഗുരുഗ്രാമിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കേ ഇന്ന് രാവിലെയാണ് മരിച്ചത്.

1987 ബാച്ച് കേരള കേഡർ ഐപിഎസ് ഉദ്യോഗസ്ഥനായ അരുൺ കുമാർ സിൻഹ, സംസ്ഥാനത്ത് നിരവധി പ്രധാനപ്പെട്ട ചുമതലകൾ വഹിച്ചിട്ടുണ്ട്. നാലുവർഷം മുൻപ് എഡിജിപി ആയിരിക്കേയാണ് ഡെപ്യൂട്ടേഷനിൽ കേന്ദ്രത്തിലേക്ക് പോയത്. എസ്പിജി ഡയറക്ടർ ആയിരിക്കേ മെയ് മാസത്തിലാണ് അദ്ദേഹത്തിന്റെ സർവീസ് കാലാവധി അവസാനിച്ചത്. തുടർന്ന് അദ്ദേഹത്തിന് സർവീസ് നീട്ടിനൽകുകയായിരുന്നു. കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിലാണ് അദ്ദേഹത്തെ പ്രധാന ചുമതലകൾ തേടിയെത്തിയത്.

ബിഎസ്എഫിൽ അടക്കം പ്രവർത്തിച്ചിട്ടുണ്ട്. ഝാർഖണ്ഡ് ഹസാരിബാഗ് സ്വദേശിയായ അരുൺ കുമാർ സിൻഹയ്ക്ക് ഭാര്യയും രണ്ടുമക്കളുമാണ് ഉള്ളത്.

# ഡീസലടിച്ച് ടാങ്ക് അടച്ചതും കാറുകാരൻ പണം നൽകാതെ സ്ഥലം വിട്ടതായി പരാതി



മലപ്പുറം: ചങ്ങരംകുളത്ത് പമ്പിൽനിന്ന് ഡീസലടിച്ച ശേഷം പണം നൽകാതെ കാറുകാരൻ മുങ്ങിയതായി പരാതി. ചങ്ങരംകുളം തൃശൂർ റോഡിലെ പമ്പിലെത്തിയ സംഘമാണ് കാറിൽ 3000 രൂപയ്ക്കു ഡീസൽ നിറച്ച ശേഷം മുങ്ങിയത്. പമ്പ് ഉടമയുടെ പരാതിയിൽ ചങ്ങരംകുളം പൊലീസ് അന്വേഷണം ആരംഭിച്ചു.

കാറിൽ പമ്പിലെത്തിയ സംഘം ജീവനക്കാരനോട് 3000 രൂപക്ക് ഡീസലടിക്കാൻ ആവശ്യപ്പെട്ടു. ഡീസലടിച്ച് ജീവനക്കാരൻ ടാങ്ക് അടച്ചതോടെ കാർ അമിതവേഗതയിൽ ഓടിച്ചു പോകുകയായിരുന്നു. ജീവനക്കാരൻ പിന്നാലെ ഓടിയെങ്കിലും കാർ നിർത്തിയില്ല. വെള്ള നിറത്തിലുള്ള സിഫ്റ്റ് കാറിലെത്തിയ സംഘമാണ് ജീവനക്കാരെ പറ്റിച്ചു കടന്നത്.

സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.കാറിന്റെ നമ്പർ മാറ്റം വരുത്തിയ നിലയിലാണ് ഉണ്ടായിരുന്നതെന്ന് സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ പരിശോധനയിൽ കണ്ടെത്തി. ഡീസലടിക്കാനായി വാഹനം പമ്പിൽ എത്തുന്നതും ഇന്ധനം നിറച്ച ശേഷം അമിതവേഗതയിൽ പോകുന്നതും ദൃശ്യങ്ങളിലുണ്ട്.

സാധാരണ പമ്പിൽനിന്ന് ഇന്ധനം നിറച്ച ശേഷം യാത്രികർ പണം നൽകാൻ മറന്നുപോകാറുണ്ടെന്നും ഇപ്പോഴത്തെ സംഭവം ആസൂത്രിതമാണെന്നും പമ്പുകാർ പറയുന്നു. പെട്രോൾ പമ്പുടമ ചങ്ങരംകുളം പൊലീസിൽ നൽകിയതിതിനെത്തുടർന്ന് അന്വേഷണം പുരോഗമിക്കുകയാണ്.

# കെഎസ്ആർടിസിക്ക് ഹാപ്പി ഓണം!; പ്രതിദിന വരുമാനം സർവകാല റെക്കോർഡിലേക്ക്



തിരുവനന്തപുരം: കെഎസ്ആർടിസിയുടെ പ്രതിദിന വരുമാനം സർവകാല റെക്കോർഡിലേക്ക്. ഓണാവധിക്കുശേഷമുള്ള ആദ്യ പ്രവർത്തിദിനമായ തിങ്കളാഴ്ച പ്രതിദിന വരുമാനം 8.79 കോടി രൂപ എന്ന നേട്ടം കൊയ്തു. ഈ ഓണക്കാലത്ത് ഓഗസ്റ്റ് 26 മുതൽ ഒക്ടോബർ 4 വരെയുള്ള 10 ദിവസങ്ങളിലായി 70.97 കോടി രൂപയുടെ വരുമാനമാണ് കെഎസ്ആർടിസിക്ക് ലഭിച്ചത്.അതിൽ 5 ദിവസം വരുമാനം 7 കോടി രൂപ കടന്നു. 26ന് 7.88 കോടി, 27ന് 7.58 കോടി, 28ന് 6.79 കോടി, 29ന് 4.39 കോടി, 30ന് 6.40 കോടി, 31ന് 7.11 കോടി, സെപ്റ്റംബർ 1ന് 7.79 കോടി, 2ന് 7.29 കോടി, 3ന് 6.92 കോടി എന്നിങ്ങനെയാണ് പ്രതിദിന വരുമാനം. കെഎസ്ആർടിസി മാനേജ്മെന്റും ജീവനക്കാരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമായാണ് റെക്കോർഡ് വരുമാനം ലഭിച്ചതെന്നും ഇതിനു പിന്നിൽ രാപകലില്ലാതെ പ്രവർത്തിച്ച മുഴുവൻ ജീവക്കാരെയും അഭിനന്ദിക്കുന്നതായും സിഎംഡി അറിയിച്ചു. ഇതിന് മുൻപ് 2023 ജനുവരി 16ന് ശബരിമല സീസണിൽ ലഭിച്ച 8.48 കോടി എന്ന റെക്കോർഡ് വരുമാനമാണ് ഇപ്പോൾ ഭേദിച്ചിരിക്കുന്നത്. കൂടുതൽ ബസുകൾ നിരത്തിൽ ഇറക്കി 9 കോടി രൂപയെന്ന പ്രതിദിന വരുമാനമാണ് ലക്ഷ്യമിട്ടിരുന്നത്.

**ഉപഭോക്താവിന്റെ പണം സുരക്ഷിതമാക്കേണ്ടത് ബാങ്കിന്റെ ഉത്തരവാദിത്തം**

# പണം നഷ്ടമായ വ്യക്തിക്ക് നഷ്ടപരിഹാരം നൽകാൻ ഉത്തരവ്

കൊച്ചി: അക്കൗണ്ട് ഉടമ അറിയാതെ പണം പിൻവലിച്ച സംഭവത്തിൽ എസ്.ബി.ഐ നഷ്ടപരിഹാരം നൽകണമെന്ന് ഉത്തരവ്. എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനാണ് അക്കൗണ്ട് ഉടമക്ക് നഷ്ടപരിഹാരം നൽകണമെന്ന് ബാങ്കിനോട് ഉത്തരവിട്ടത്. മുവാറ്റുപുഴ സ്വദേശിയായ ബി.എം. സലീമിന്റെ അക്കൗണ്ടിൽ നിന്ന് സലീം അറിയാതെ മൂന്ന് തവണകളായി ഒരു ലക്ഷത്തി അറുപതിനായിരം രൂപ പിൻവലിച്ചിരുന്നു.

2018 ഡിസംബർ 26, 27 തിയ്യതികളാലായാണ് പണം നഷ്ടപ്പെട്ടത്. എസ്.ബി.ഐ മൂവാറ്റുപുഴ പുഴക്കാപ്പിള്ളി ബ്രാഞ്ചിലായിരുന്നു സലീമിന്റെ അക്കൗണ്ട്. പണം പിൻവലിക്കാനായി മുളന്തുരുത്തിയിലെ എ.ടി.എമ്മിലെത്തിയപ്പോഴാണ് പണം നഷ്ടപ്പെട്ടത് സലീം അറിയുന്നത്. ഉടൻ തന്നെ ബാങ്കിനെ സമീപിച്ചിരുന്നു എങ്കിലും സഹായം ലഭിച്ചില്ല. തുടർന്ന് ബാങ്കിങ് ഓംബുഡ്സ്മാനെ സമീപിച്ചെങ്കിലും 80000 രൂപ നഷ്ടപരിഹാരം നൽകാനായിരുന്നു ഓംബുഡ്സ്മാർ വിധിച്ചത്.

ഓംബുഡ്സ്മാന്റെ വിധിയിൽ തൃപ്തനല്ലാത്തതിനാലാണ് സലീം എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ സമീപിച്ചത്. ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്നും പണം നഷ്ടമാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ബാങ്കിനാണെന്ന് കമ്മീഷൻ ഉത്തരവിൽ പറയുന്നു. സലീമിന്റെ പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയ കോടതി നഷ്ടപ്പെട്ട തുകയും കോടതി ചെലവുകളുടെ ഭാഗമായി 15000 രൂപയും 30 ദിവസത്തിനകം നൽകാൻ എസ്.ബി.ഐക്ക് ഉത്തരവ് നൽകി.എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനു, അംഗങ്ങളായ വൈക്കം രാമചന്ദ്രൻ, ടി. എൻ. ശ്രീവിദ്യ എന്നിവരാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്

## കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന് ലോണെടുത്ത സംഭവം; പ്രതിഷേധിക്കാനൊരുങ്ങി കെ.പി.എസ്ടിഎ

തിരുവനന്തപുരം: സ്കൂളുകളിൽ കുട്ടികൾക്ക് നൽകേണ്ട ഉച്ചഭക്ഷണത്തിന് പൈസ ഇല്ലാതെ പ്രധാന അധ്യാപകർ ബുദ്ധിമുട്ടുന്നു. കഴിഞ്ഞ രണ്ടുമാസത്തിലേറെയായി സർക്കാരിൽനിന്ന് ഉച്ചഭക്ഷണത്തിനായുള്ള തുക ലഭിച്ചിട്ടില്ല. തിരുവനന്തപുരം കരകുളം വിദ്യാധിരാജ സ്കൂളിലെ പ്രധാന അധ്യാപകൻ അനീഷ് സഹകരണ ബാങ്കിൽ നിന്ന് ലോണെടുത്താണ് ഉച്ചഭക്ഷണത്തിനുള്ള തുക കണ്ടെത്തിയത്. ഇക്കാര്യം ചൂണ്ടിക്കാട്ടി സർക്കാറിന് കത്ത് അയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല.കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്നാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 60 ശതമാനം തുക ലഭിച്ചിട്ടില്ലെന്ന് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അറിയാൻ കഴിഞ്ഞതെന്ന് അധ്യാപകൻ അനീഷ് പറഞ്ഞു. വിഷയത്തിൽ ശക്തമായ പ്രതിഷേധത്തിന് ഒരുങ്ങി കെ.പി.എസ്.ടി.എ. സെക്രട്ടറിയേറ്റിനു മുന്നിൽ ത്രിദിന സത്യാഗ്രഹം നടത്തും. ഈ മാസം 16ന് വിദ്യാഭ്യാസ മന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തുമെന്നും അറിയിച്ചു. ഉച്ചഭക്ഷണ പദ്ധതി അവതാളത്തിൽ ആക്കാൻ സർക്കാർ നീക്കമെന്ന് കെ.പി.എസ്.ടി.എ ആരോപിച്ചു. ഉച്ചഭക്ഷണ തുക വർദ്ധിപ്പിക്കാത്തത് അധ്യാപകരെ പ്രതിസന്ധിയിലാക്കുന്നു. മൂന്നുമാസത്തെ തുക കുടിശികയായി നിൽക്കുന്നു. സാധനം വാങ്ങിയ കടക്കാരെ കാണുമ്പോൾ അധ്യാപകർ മാറി നടക്കേണ്ട അവസ്ഥയാണെന്നും കെ.പി.എസ്.ടി.എ പറഞ്ഞു. ബാങ്ക് വായ്പയെടുത്ത് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്ന അധ്യാപകരുണ്ട്. അടിയന്തരമായി വിഷയത്തിൽ സർക്കാർ ഇടപെടണം എന്നും കെ.പി.എസ്.ടി.എ ആവശ്യം.

## പീച്ചി തോണി അപകടം; മൂന്ന് പേരുടെ മൃതദേഹം കണ്ടെത്തി

തൃശൂർ: പീച്ചി റിസർവോയറിൽ തോണി മറിഞ്ഞ് കാണാതായ മൂന്ന് പേരുടെ മൃതദേഹം കണ്ടെത്തി. വാണിയംപാറ പുള്ളിക്കാട് സ്വദേശികളായ അജിത്, വിപിൻ, സിറാജ് എന്നിവരുടെ മൃതദേഹങ്ങളാണ് കണ്ടെത്തിയത്. ഇവർക്കൊപ്പം തോണിയിലുണ്ടായിരുന്ന ശിവപ്രസാദ് എന്നയാൾ രക്ഷപ്പെട്ടിരുന്നു. എൻഡിആർഎഫും ഫയർ ഫോഴ്സും സംയുക്തമായി നടത്തിയ തിരച്ചലിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ഇന്നലെ വൈകീട്ട് നാല് മണിയോടെയാണ് അപകടമുണ്ടായത്.

തുഴഞ്ഞു ക്ഷീണിച്ചു എന്നു പറഞ്ഞ് സംഘത്തിലുണ്ടായിരുന്ന ശിവപ്രസാദ് കരയിൽ നിന്നു. പിന്നീട് മൂവർ സംഘം യാത്ര തുടരുകയായിരുന്നുവെന്നും പിന്നാലെയാണ് അപകടം നടന്നതെന്നുമാണ് ശിവപ്രസാദ് നാട്ടുകാരോടു പറഞ്ഞത്. ഇന്നലെ തന്നെ ഫയർ ഫോഴ്സും നാട്ടുകാരും തിരച്ചിൽ ആരംഭിച്ചിരുന്നു. എന്നാൽ ഇരുട്ടിയതോടെ തിരച്ചിൽ ദുഷ്കരമായി. 11 മണിയോടെ അജിത്തിന്റെയും വിപിനിന്റെയും മൃതദേഹങ്ങൾ കണ്ടെത്തി. ഉച്ചയോടെ സിറാജിന്റെ മൃതദേഹവും ലഭിച്ചു.

# 'ഇന്ത്യയോ ഭാരതമോ': ഭരണഘടനയിൽ ഇങ്ങനെ, വിഷയത്തിലെ ഹരജികൾ ഒന്നിലധികം തവണ തള്ളി; പക്ഷേ ഇപ്രകാരം പേര് മാറ്റാം

ന്യൂഡൽഹി: ഇന്ത്യയ്ക്ക് പകരം ഭാരത് എന്ന പേര് മാറ്റാനുള്ള നീക്കം അണിയറയിൽ സജീവമാക്കി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ അവർക്ക് വിലങ്ങുതടിയാവുന്നത് രാജ്യത്തെ ഭരണഘടന. പരമാധികാര റിപ്പബ്ലിക് ആയി പ്രഖ്യാപിക്കുകയും ഭരണഘടന അംഗീകരിക്കുകയും ചെയ്ത ഇന്ത്യ, ഭരണഘടനയുടെ അനുച്ഛേദം ഒന്നുൽ തന്നെ ഇന്ത്യ എന്ന നാമകരണത്തെ നിയമപരമായി സാധൂകരിക്കുന്ന വ്യവസ്ഥ എഴുതിച്ചേർത്തിട്ടുണ്ട്.ഇന്ത്യ എന്നാൽ ഭാരതം. അത് സംസ്ഥാനങ്ങളുടെ യൂണിയനായിരിക്കും എന്ന ഭരണഘടനാ കൽപ്പന തന്നെയാണ് രാജ്യത്തിന്റെ പേര് മാറ്റ ചർച്ചയ്ക്കിടെ പ്രധാനമായും ഉയർന്നുവരുന്നത്.

ഭരണഘടനയിലെ അനുച്ഛേദം 1 ഭേദഗതി ചെയ്യാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെങ്കിലും അതിന് നിയമപരമായ ഒട്ടേറം കടമ്പകളുണ്ട്. 2016 മാർച്ചിൽ അന്നത്തെ ചീഫ് ജസ്റ്റിസായ ടി.എസ് താക്കൂർ ഇതുസംബന്ധിച്ച് സുവ്യക്തമായ വിധിന്യായം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.ഇന്ത്യയുടെ പേര് ഭാരതം എന്നാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി തള്ളിക്കൊണ്ട് ചീഫ് ജസ്റ്റിസ് അധ്യക്ഷനും ജസ്റ്റിസ് യു.യു ലളിത് അംഗവുമായ ബെഞ്ച് വിധി പറഞ്ഞത് ഇങ്ങനെയാണ്: "...ഇന്ത്യയെന്നോ ഭാരതമെന്നോ നിങ്ങൾക്ക് ഇഷ്ടമുള്ളത് വിളിച്ചോളൂ. മറ്റുള്ളവർക്ക് അവർക്കിഷ്ടമുള്ളതുപോലെ ഇന്ത്യയെന്നോ ഭാരതമെന്നോ വിളിക്കട്ടെ...'! ഇത്തരം ഹർജികളെ കോടതി പ്രോത്സാഹിപ്പിക്കില്ലെന്നും താക്കീത് നൽകിയാണ് പൊതുതാൽപര്യ ഹർജി സുപ്രിംകോടതി തള്ളിയത്. പിന്നീട് 2020ലും സമാന ആവശ്യവുമായി സുപ്രീം കോടതിയിൽ പൊതുതാൽപര്യ ഹർജിയെത്തി. അന്നത്തെ ചീഫ് ജസ്റ്റിസ് എസ്.എ ബോബ്ഡെ അധ്യക്ഷനായ ബെഞ്ചും ഹർജി തള്ളുകയായിരുന്നു.

ഇത്തരം ഹർജികൾ കോടതിയുടെ സമയം കളയുന്നുവെന്ന് വാക്കാൽ പരാമർശിച്ച ചീഫ് ജസ്റ്റിസ്, ഭരണഘടനയിൽ പറയും പ്രകാരം ഇന്ത്യയെന്നോ ഭാരതമെന്നോ വിളിക്കുന്നതിൽ തെറ്റില്ല. ഭരണഘടനയിൽ തന്നെ ഇന്ത്യയെ ഭാരത് എന്ന് വിളിക്കാമെന്ന് പറയുന്നത് ചൂണ്ടിക്കാട്ടിയ സുപ്രിംകോടതി ഹർജി തള്ളുകയായിരുന്നു.

ഭാരതം എന്നത് രാജ്യത്തിന്റെ ഔദ്യോഗിക പേരായി ഭേദഗതി ചെയ്യാനാണ് കേന്ദ്രസർക്കാർ നീക്കമെങ്കിൽ അതിനായി പ്രത്യേക ബില്ല് അവതരിപ്പിക്കേണ്ടി വരും. ഭരണഘടനയുടെ അനുച്ഛേദം 1 ഭേദഗതി ചെയ്യാൻ പാർലമെന്റിന് സാധിക്കും.

എന്നാൽ മൂന്നിൽ രണ്ട് ഹാജരായ അംഗങ്ങൾ ഇരു സഭകളിലും ഉണ്ടാവണം. ആകെ ഹാജരായ അംഗങ്ങളിൽ 66 ശതമാനം പേർ ബില്ലിനെ പിന്തുണച്ചാൽ ഭേദഗതി പാസാകും.

# നായ കടിച്ച കാര്യം മറച്ചുവച്ചു; പതിനാലുകാരൻ ഒരു മാസത്തിനുശേഷം പേവിഷബാധയേറ്റു മരിച്ചു

ഗാസിയാബാദ്: നായയുടെ കടിയേറ്റ കാര്യം മാതാപിതാക്കളോട് മറച്ചുവച്ച പതിനാലുകാരൻ ഒരുമാസത്തിനുശേഷം പേവിഷബാധയേറ്റു മരിച്ചു. യുപിയിലെ ഗാസിയാബാദിൽ ചൊവ്വാഴ്ചയാണ് സംഭവം. എട്ടാം ക്ലാസ് വിദ്യാർഥിയായ ഷഹ്‌വാസാണ് മരിച്ചത്.വിജയ് നഗർ പൊലീസ് സ്റ്റേഷൻ പരിധിയിലെ ചരൺ സിംഗ് കോളനിയിൽ താമസിക്കുന്ന ഷഹ്‌വാസിനെ ഒന്നര മാസം മുമ്പ് അയൽവാസിയുടെ നായ കടിച്ചെങ്കിലും ഭയന്ന് മാതാപിതാക്കളിൽ നിന്ന് മറച്ചുവച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അസ്വാഭാവികമായി പെരുമാറാൻ തുടങ്ങി. സെപ്തംബർ 1ന് ഭക്ഷണം കഴിക്കുന്നതും നിർത്തി. പിന്നീടാണ് നായ കടിച്ച കാര്യം പറയുന്നത്. ഷഹ്‌വാസിനെ വീട്ടുകാർ ഡൽഹിയിലെ സർക്കാർ ആശുപത്രികളിൽ എത്തിച്ചെങ്കിലും ചികിത്സക്കായി പ്രവേശിപ്പിച്ചില്ല.ഒടുവിൽ ബുലന്ദ്ഷഹറിലെ ഒരു ആയുർവേദ ഡോക്ടറുടെ അടുത്ത് കൊണ്ടുപോയതായി കുടുംബം പൊലീസിനോട് പറഞ്ഞു.

ആംബുലൻസിൽ ഗാസിയാബാദിലേക്ക് തിരികെ കൊണ്ടുവരുന്നതിനിടെയാണ് കുട്ടി മരിച്ചത്.സംഭവത്തിൽ പരാതി നൽകിയിട്ടുണ്ടെന്നും നായയുടെ ഉടമയ്ക്കെതിരെ നടപടിയെടുക്കുമെന്നും കോട്വാലി സോൺ അസിസ്റ്റന്റ് പൊലീസ് കമ്മീഷണർ നിമിഷ് പാട്ടീൽ പറഞ്ഞു.

## അനുജനെ സഹോദരൻ കൊന്ന് കുഴിച്ചുമൂടി; മൃതദേഹം കണ്ടെത്തിയത് വീട്ടുവളപ്പിൽ നിന്ന്

തിരുവനന്തപുരം: തിരുവനന്തപുരം തിരുവല്ലത്ത് അനുജനെ സഹോദരൻ കൊന്ന് കുഴിച്ചുമൂടി. വണ്ടിത്തടം സ്വദേശിയായ രാജ് എന്ന യുവാവാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ രാജിൻറെ സഹോദരൻ ബിനുവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.

പതിനൊന്ന് ദിവസം മുൻപാണ് രാജിനെ കാണാതാകുന്നത്. അമ്മ ഓണത്തിന് ബന്ധുവിൻറെ വീട്ടിലേക്ക് പോയി തിരികെ വന്ന ശേഷമാണ് രാജിനെ കാണാനില്ലെന്ന വിവരമറിയുന്നത്. സംഭവവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ ആറിന് അമ്മ പൊലീസിൽ പരാതി സമർപ്പിക്കുകയായിരുന്നു. ഇതിന് പിന്നാലെ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് മൃതദേഹം വീട്ടുവളപ്പിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്.കൊല്ലപ്പെട്ട രാജും സഹോദരനും ബിനുവും തമ്മിൽ വഴക്കുണ്ടായിരുന്നുവെന്നും ഇതുമൂലമുണ്ടായ വാക്കുതർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നുമാണ് പൊലീസിൻറെ പ്രാഥമിക നിഗമനം.

കൊലപാതകം നടന്നത് എന്നാണ് എന്നതിൽ വ്യക്തതയില്ലെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും പൊലീസ് അറിയിച്ചു.

### ദലിത് പെൺകുട്ടിയെ ബലാത്സംഗം ചെയ്തു, പിതാവിനെ മർദിച്ചു കൊലപ്പെടുത്തി

# ബി.ജെ.പി ന്യൂനപക്ഷ മോർച്ച നേതാവിനെതിരെ കേസ്



മഹാരാജ്ഗഞ്ച്: യുപിയിൽ ദലിത് പെൺകുട്ടിയെ ബലാത്സംഗം ചെയ്തതിനും കുട്ടിയുടെ പിതാവിനെ കൊലപ്പെടുത്തിയ സംഭവത്തിലും ബി.ജെ.പി ന്യൂനപക്ഷ മോർച്ച നേതാവിനെതിരെ കേസ്. ന്യൂനപക്ഷ മോർച്ചയുടെ ജില്ലാ പ്രസിഡൻറ് മസൂം റാസ റാഹിയ്ക്കെതിരെയാണ് സദർ കോട്വാലി പൊലീസ് കേസെടുത്തത്.

ആഗസ്ത് 28 ന് ബി.ജെ.പി നേതാവ് തന്നെ ബലാത്സംഗം ചെയ്തുവെന്നും സംഭവം കണ്ട് പിതാവ് രാജു തടയാൻ വന്നപ്പോൾ പ്രതി മർദ്ദിക്കുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തുവെന്നും പതിനേഴുകാരി പൊലീസിന് നൽകിയ പരാതിയിൽ പറയുന്നു. പിതാവ് ചികിത്സക്കിടെയാണ് മരിച്ചത്. അമ്മയുടെ മരണശേഷം താൻ പിതാവിനും മൂന്ന് സഹോദരിമാർക്കും ഇളയ സഹോദരനുമൊപ്പം റാഹിയുടെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നതായി പരാതിക്കാരി പറഞ്ഞു.

പോക്സോ ഉൾപ്പെടെയുള്ള വകുപ്പുകളാണ് പ്രതിക്കെതിരെ ചുമത്തിയിരിക്കുന്നത്.സംഭവത്തെക്കുറിച്ച് പാർട്ടി നേതൃത്വത്തെ അറിയിച്ചിട്ടുണ്ടെന്നും അതിനനുസരിച്ച് നടപടിയെടുക്കുമെന്നും ബി.ജെ.പി ജില്ലാ കൺവീനർ സഞ്ജയ് പാണ്ഡെ പറഞ്ഞു.

ബി.ജെ.പിയുടെ ന്യൂനപക്ഷ മോർച്ചയുടെ മുതിർന്ന നേതാവ്, റാഹിയാണ് മോർച്ചയുടെ ജില്ലാ പ്രസിഡൻറെന്ന് സ്ഥിരീകരിച്ച സഞ്ജയ് നിയമം എല്ലാവർക്കും തുല്യമാണെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടുമെന്നും ഇരയ്ക്ക് നീതി ലഭിക്കുമെന്നും വ്യക്തമാക്കി.

# അബായ ധരിച്ചെത്തിയ വിദ്യാർഥികളെ തിരിച്ചയച്ച് ഫ്രഞ്ച് സ്കൂളുകൾ

പാരിസ്: മുസ്ലിം മതപര വസ്ത്രമായ അബായ ധരിച്ചെത്തിയതിന് വിദ്യാർഥികളെ തിരിച്ചയച്ച് ഫ്രഞ്ച് സ്കൂളുകൾ. മുന്നോറോളം കുട്ടികളാണ് സ്കൂളിലേക്ക് അബായ ധരിച്ചെത്തിയത്.

സ്കൂളിലെ വസ്ത്രധാരണ നിയമങ്ങൾ അറിയിച്ചതോടെ പലരും അബായ മാറ്റാൻ തയ്യാറായെന്നും ഇത് എതിർത്ത 67 കുട്ടികളെയാണ് പുറത്താക്കിയതെന്നും വിദ്യാഭ്യാസ മന്ത്രി ഗബ്രിയേൽ അത്താൽ മാധ്യമങ്ങളോട് പറഞ്ഞു.കഴിഞ്ഞ മാസമാണ് സ്കൂളുകളിൽ അബായ നിരോധിക്കുകയാണെന്ന ഉത്തരവ് ഫ്രഞ്ച് സർക്കാർ പുറത്തിറക്കിയത്. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കേണ്ട മതേതരത്വത്തിന് എതിരാണ് ഇത്തരം വസ്ത്രങ്ങളെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു നിരോധനം.ഒരു ക്ലാസ് മുറിയിലേക്ക് ചെല്ലുമ്പോൾ വിദ്യാർഥികളെ അവരുടെ മതം കൊണ്ടല്ല തിരിച്ചറിയേണ്ടതെന്നും അബായ ധരിച്ച് വിദ്യാർഥികൾ സ്കൂളിൽ എത്തരുതെന്നും നേരത്തെ ടി.എഫ്. വണ്ണിന് നൽകിയ അഭിമുഖത്തിൽ അത്താൽ പറഞ്ഞിരുന്നു.

മുസ്ലിം വിദ്യാർഥിനികൾ അബായ ധരിക്കുന്നതിനെതിരെ തീവ്രവലതുപക്ഷ സംഘടനകൾ നേരത്തെ പ്രതിഷേധമുയർത്തിയിരുന്നു. അതേസമയം അഞ്ച് ദശലക്ഷം വരുന്ന മുസ്ലിം മതവിശ്വാസികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നാണ് ഇടതുപക്ഷത്തിൻറെ അഭിപ്രായം.

# കണക്ക് നൽകുന്നില്ലെന്ന് കേന്ദ്രം, കണക്ക് നൽകിയാലും അംഗീകരിക്കുന്നില്ലെന്ന് സംസ്ഥാനം; നെല്ല് സംഭരണത്തിൽ പോര്

ദില്ലി: നെല്ല് സംഭരണ വില കൃത്യവും സമഗ്രവുമായ കണക്ക് കേരളം നൽകാതെ നെല്ല് സംഭരണത്തിലെ കുടിശ്ശിക നൽകില്ലെന്ന നിലപാടിലുറച്ച് കേന്ദ്രം. കൃത്യമായി നൽകിയ കണക്കനുസരിച്ചുള്ള തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്നാണ് വിശദീകരണം.

201718 വർഷത്തിൽ നെല്ല് സംഭരിച്ച വകയിൽ 742.68 കോടി രൂപയാണ് കേരളം കേന്ദ്രത്തോടാവശ്യപ്പെട്ടത്. കേന്ദ്ര ഭക്ഷ്യ വകുപ്പ് 736.31 കോടി രൂപ അനുവദിച്ചു. 2019-20 വർഷം 1221.76 കോടി രൂപ ആവശ്യപ്പെട്ടു. കേന്ദ്രം 1033.38 കോടി രൂപ അനുവദിച്ചു.

ഏറ്റവുമൊടുവിൽ 2023-24 വർഷം ഇതിനോടകം മുൻകൂറായി 34.30 കോടി രൂപ അനുവദിച്ചെന്നാണ് കേന്ദ്രത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ആദ്യ കാലങ്ങളിൽ 5 ശതമാനത്തോളം തുകയായിരുന്നു പിടിച്ചു വച്ചിരുന്നെങ്കിൽ പിന്നീടത് 15 ശതമാനത്തോളം വരെയെത്തി.

സംസ്ഥാനം സമർപ്പിക്കുന്ന കണക്കുകളിലെ പൊരുത്തക്കേടുകളാണ് തുക തടഞ്ഞുവെക്കാൻ കാരണമെന്നാണ് കേന്ദ്രത്തിന്റെ വിശദീകരണം.

2017 മുതൽ കേരളം ഓഡിറ്റ് റിപ്പോർട്ട് നൽകിയിട്ടില്ലെന്നാണ് കഴിഞ്ഞ 10 വർഷത്തെ സംസ്ഥാനത്തിനനുവദിച്ച സബ്സിഡിയുടെ കണക്ക് പുറത്തുവിട്ടുകൊണ്ട് കേന്ദ്ര സർക്കാർ പറയുന്നത്. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തത തേടിയുള്ള കേന്ദ്രത്തിന്റെ ചോദ്യങ്ങൾക്ക് കേരളം മറുപടി നൽകിയിട്ടില്ലെന്നും കേന്ദ്രത്തിന്റെ രേഖ വ്യക്തമാക്കുന്നു. 2021 ഫെബ്രുവരി ഒന്നിന് കണക്കുകൾ സമർപ്പിക്കാനാവശ്യപ്പെട്ട് കേരളത്തിന് കത്തയച്ചെന്നും കേന്ദ്രം പറയുന്നു. മുഴുവൻ കുറ്റവും സംസ്ഥാനത്തിന്റേതാണെന്ന് കേന്ദ്രം ആവർത്തിക്കുന്നത്.

വ്യക്ത വരുത്തി കണക്കുകൾ സമർപ്പിച്ചാലും അംഗീകരിക്കുന്നില്ലെന്നാണ് കേരളത്തിന്റെ പരാതി. ഇത്തരത്തിൽ കഴിഞ്ഞ 6 വർഷത്തിനിടെ നൽകാനുള്ള ആകെ കുടിശ്ശിക 644.02 കോടി രൂപയാണെന്നാണ് സംസ്ഥാന ഭക്ഷ്യ വകുപ്പിന്റെ ഏറ്റവും പുതിയ കണക്ക്. 637.6 കോടിയെന്നായിരുന്നു മന്ത്രി ജി ആർ അനിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞത്. പണം തിരികെ കിട്ടാനായി ഓഡിറ്റിംഗ് നടപടികൾ വളരെ വേഗം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്.

കൃത്യമായ കണക്ക് നൽകാതെ ജിഎസ് ടി വിഹിതം അനുവദിക്കില്ലെന്ന സമാന നിലപാടാണ് ഇവിടെയും കേന്ദ്രം ആവർത്തിക്കുന്നത്. തെലങ്കാന ഉൾപ്പടെ ബിജെപി ഇതര സർക്കാറുകൾ ഭരിക്കുന്ന പല സംസ്ഥാനങ്ങളും നെല്ല് സംഭരണത്തിൽ സെബ്സിഡി നല്കാതെ കേന്ദ്രം മനപൂർവം ദ്രോഹിക്കുകയാണെന്ന ആക്ഷേപം ഉയർത്തുന്നുണ്ട്.

# മാധ്യമപ്രവർത്തകർക്ക് എതിരായ കേസ്; എഡിറ്റേഴ്സ് ഗിൽഡ് സുപ്രീംകോടതിയിൽ, അടിയന്തരമായി പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: മണിപ്പൂർ കലാപവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന്റെ പേരിൽ മാധ്യമപ്രവർത്തകർക്ക് എതിരെ കേസെടുത്തതിൽ എഡിറ്റേഴ്സ് ഗിൽഡ് സുപ്രീംകോടതിയെ സമീപിച്ചു. മണിപ്പൂർ സന്ദർശിച്ച് വസ്തുതാന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ നാല് മാധ്യമപ്രവർത്തകർക്ക് എതിരെ മണിപ്പൂർ പൊലീസ് രജിസ്റ്റർ ചെയ്ത രണ്ട് എഫ്ഐആറുകൾ റദ്ദാക്കണം എന്നാവശ്യപ്പെട്ടാണ് സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നത്.

ഹർജി അടിയന്തരമായി പരിഗണിക്കണം എന്ന് എഡിറ്റേഴ്സ് ഗിൽഡിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശ്യാം ദിവാൻ ആവശ്യപ്പെട്ടു. മാധ്യമപ്രവർത്തകർക്ക് എതിരെ മണിപ്പൂരിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിർബന്ധിത നടപടിയിൽ നിന്ന് സംരക്ഷണം ആവശ്യപ്പെട്ടാണ് സുപ്രീംകോടതിയെ സമീപിച്ചതെന്നും ദിവാൻ വ്യക്തമാക്കി.

ഹർജി ഇന്നുതന്നെ അടിയന്തരമായി പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഢ് അധ്യക്ഷനായ ബെഞ്ച് അറിയിച്ചു. കലാപത്തിൽ മണിപ്പൂർ സർക്കാർ മെയ്തി വിഭാഗത്തിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത് എന്നായിരുന്നു എഡിറ്റേഴ്സ് ഗിൽഡ് പ്രസിദ്ധീകരിച്ച റിപ്പോർട്ട്.

എഡിറ്റേഴ്സ് ഗിൾഡ് പ്രകോപനപരമായ രീതിയിൽ ഇടപെട്ടിട്ടുണ്ടെന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത് എന്നുമായിരുന്നു മണിപ്പൂർ മുഖ്യമന്ത്രി ബീരേൻ സിങ്ങിന്റെ പ്രതികരണം.

# 'ദ പ്രൈം മിനിസ്റ്റർ ഓഫ് ഭാരത്' 'ഇന്ത്യ'യുടെ പേര് മാറ്റത്തിനായുള്ള കേന്ദ്രനീക്കത്തിലേക്ക് സൂചന നൽകി വീണ്ടും

ന്യൂഡൽഹി: 'ഇന്ത്യൻ രാഷ്ട്രപതി' എന്നതിനു പകരം 'പ്രസിഡന്റ് ഓഫ് ഭാരത്' എന്നു രേഖപ്പെടുത്തിയ വിവാദത്തിന്റെ അലയൊലികൾ കെട്ടടങ്ങും മുമ്പ് സമാന നീക്കവുമായി പ്രധാനമന്ത്രിയും. പ്രധാനമന്ത്രിയുടെ ഇന്തോനേഷ്യൻ സന്ദർശനവുമായി ബന്ധപ്പെട്ട രേഖയിലാണ് ഇന്ത്യൻ പ്രധാനമന്ത്രി എന്നതിന് പകരം പ്രൈം മിനിസ്റ്റർ ഓഫ് ഭാരത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

ബി.ജെ.പി മുൻ ദേശീയ വക്താവ് സാമ്പിത് പത്രയാണ് ഇത് എക്സ് പ്ലാറ്റ്ഫോമിൽ പങ്കുവെച്ചത്. ഇന്ത്യയുടെ പേര് 'ഭാരത്' എന്നാക്കാൻ കേന്ദ്രസർക്കാർ നീക്കം നടത്തുന്നുവെന്ന വിവാദങ്ങൾക്കും വിമർശനങ്ങൾക്കുമിടെയാണിത്.കോൺഗ്രസ് നേതാവ് ജയ്റാം രമേശും ഇതിനെതിരെ രംഗത്തെത്തി.

മോദി സർക്കാർ എത്ര ആശയക്കുഴപ്പത്തിലാണെന്ന് നോക്കൂ. 20ാം ഏഷ്യൻ- ഇന്ത്യൻ ഉച്ചകോടിയിലെത്തിയപ്പോൾ 'പ്രൈം മിനിസ്റ്റർ ഓഫ് ഭാരത്'. പ്രതിപക്ഷ പാർട്ടികൾ ഒന്നിക്കുകയും അവരുടെ കൂട്ടായ്മയെ 'ഇൻഡ്യ' എന്ന് വിളിക്കുകയും ചെയ്തതാണ് ഇവരെ ആശയക്കുഴപ്പത്തിലാക്കിയത്- അദ്ദേഹം പരിഹസിച്ചു.ജി20 ഉച്ചകോടിയൽ പങ്കെടുക്കുന്ന രാഷ്ട്രത്തലവന്മാർക്കുള്ള ഔദ്യോഗിക ക്ഷണത്തിൽ 'ഇന്ത്യൻ രാഷ്ട്രപതി' എന്നതിനു പകരം 'പ്രസിഡന്റ് ഓഫ് ഭാരത്' എന്നു രേഖപ്പെടുത്തിയതോടെയാണ് അഭ്യൂഹം പടർന്നത്. സെപ്റ്റംബർ 9നു നടക്കുന്ന ജി20 അത്താഴവിരുന്നിലേക്കു നേതാക്കളെയും മുഖ്യമന്ത്രിമാരെയും ക്ഷണിച്ചുകൊണ്ടുള്ള കത്തിലാണ് രാഷ്ട്രപതി ദ്രൗപദി മുർമു ഇപ്രകാരം രേഖപ്പെടുത്തിയത്.


VISIT OF
THE PRIME MINISTER
OF
BHARAT
SHRI NARENDRA MODI
TO
THE REPUBLIC OF INDONESIA

ഒരു ഔദ്യോഗിക പരിപാടിയിൽ ആദ്യമായാണ് ഇത്തരത്തിൽ പേരുമാറ്റമെന്ന് അധികൃതർ വ്യക്തമാക്കുന്നു. 'ഭാരത്' എന്ന പദം ഭരണഘടനയിലും ഉണ്ടെന്ന് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു. "ഇന്ത്യ, അതായത് ഭാരത്, സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കും" എന്നാണ് ആർട്ടിക്കിൾ 1ൽ പറയുന്നത്. 'ഭാരത്, ജനാധിപത്യത്തിന്റെ മാതാവ്" എന്ന പേരിൽ വിദേശ പ്രതിനിധികൾക്ക് കൈമാറിയ ജി20 ബുക്ക്‌ലെറ്റിലും 'ഭാരത്' ഉപയോഗിച്ചിട്ടുണ്ട്.അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയാണ് ഇന്ത്യയുടെ പേര് ഭാരത് എന്നാക്കണമെന്ന ചർച്ചയ്ക്കു തുടക്കം കുറിച്ചത്. 'റിപ്പബ്ലിക് ഓഫ് ഭാരത്' എന്ന് അദ്ദേഹം മുൻപ് എക്സ് പ്ലാറ്റ്ഫോമിൽ (ട്വിറ്റർ) കുറിച്ചിരുന്നു. ജൂലൈയിൽ പ്രതിപക്ഷ മുന്നണി, 'ഇന്ത്യ' (ഇന്ത്യൻ നാഷനൽ ഡവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ്) എന്ന പേര് സ്വീകരിച്ചതിനു ശേഷമായിരുന്നു ഇത്.

ഇന്ത്യയുടെ പേര് ഭാരത് എന്നാക്കണമെന്ന് കഴിഞ്ഞദിവസം ആർഎസ്എസും ആവശ്യപ്പെട്ടിരുന്നു. "ഇന്ത്യ എന്ന വാക്ക് ഉപയോഗിക്കുന്നത് നിർത്തി 'ഭാരത്' ഉപയോഗിക്കാൻ തുടങ്ങണം. ഇംഗ്ലിഷ് സംസാരിക്കുന്നവർക്കു മനസ്സിലാകാൻ വേണ്ടിയാണ് ഇന്ത്യ എന്ന പദം ഉപയോഗിച്ചത്.

ഇപ്പോൾ അതു ശീലമായി. ഇനിയെങ്കിലും നമ്മൾ ഇത് ഉപയോഗിക്കുന്നത് നിർത്തണം. ലോകത്ത് എവിടെ പോയാലും ഭാരത് എന്ന രാജ്യത്തിന്റെ പേര് ഭാരത് ആയി തന്നെ നിലനിൽക്കും. സംസാരത്തിലും എഴുത്തിലും ഭാരത് എന്ന് പറയണം." ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് പറഞ്ഞു.

# ഇറച്ചിക്കടയിൽ കഞ്ചാവ് വിൽപന; രണ്ടുപേർ പിടിയിൽ

ഗാന്ധിനഗർ: കോട്ടയം സംക്രാന്തിയിൽ ഇറച്ചിക്കടയിൽ കഞ്ചാവ് വിൽപന നടത്തിയ രണ്ടുപേരെ എക്സൈസ് സംഘം പിടികൂടി. പെരുമ്പായിക്കാട് സംക്രാന്തി പഴയ എം.സി റോഡിനോട് ചേർന്നുള്ള ചീമാച്ചേരിൽ സാബുവിന്റെ കോഴിയിറച്ചി കടയിലെ തൊഴിലാളികളായ റഷിദുൾ ഹക്ക് (28), ഹബീബുള്ള (23) എന്നിവരാണ് അറസ്റ്റിലയത്. ഇരുവരും അസം സ്വദേശികളാണ്.ഇറച്ചിവെട്ടുന്ന പലകയുടെ അടിയിൽ ഒളിപ്പിച്ച് മാസങ്ങളായി ഇവർ മയക്കുമരുന്ന് ഉൾപ്പെടെ വിൽപന നടത്തിവരുകയായിരുന്നുവെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. എക്സൈസ് കോട്ടയം സർക്കിൾ ഇൻസ്പെക്ടർ ഇ.പി സിബിയുടെ നേതൃത്വത്തിലുള്ള സംഘം ഇവരെ നാളുകളായി നിരീക്ഷിച്ചു വരികയായിരുന്നു.കോഴിക്കടയിൽ നിരവധി ചെറുപ്പക്കാരുടെ സാന്നിധ്യം മനസ്സിലാക്കിയ എക്സൈസ് സംഘം വേഷം മാറിയാണ് ഇവരെ നിരീക്ഷിച്ചിരുന്നത്. ഇറച്ചി വാങ്ങി പോകുന്നവരുടെ കൈയ്യിൽ കഞ്ചാവു പൊതി കൊടുക്കുന്നതായിരുന്നു ഇവരുടെ രീതി. വിൽപന നേരിട്ടുകണ്ട എക്സൈസ് സംഘം ഇവരെ പിടികൂടുകയായിരുന്നു. ഇവരുടെ കൈയ്യിൽ നിന്നും വിൽപനക്കായി സൂക്ഷിച്ചിരുന്ന 50 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു. കടയുടമ സാബുവിനെയും മുമ്പ് നിരവധി തവണ ഇതേ കുറ്റത്തിന് എക്സൈസ് പിടികൂടിയിട്ടുണ്ടെന്ന് നാട്ടുകാർ പറഞ്ഞു.ഇവരുടെ സംഘത്തിൽ കൂടുതൽ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കരുതുന്നതായി എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നു. ഇവരെ പിടികൂടാൻ തുടരന്വേഷണം ആരംഭിച്ചിരിക്കുകയാണ്. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ ആനന്ദ് രാജ്.ബി, ബാലചന്ദ്രൻ. എ, സിവിൽ എക്സൈസ് ഓഫീസർ ശ്രീകാന്ത് ടി.എം എക്സൈസ് ഡ്രൈവർ അനസ് സി.കെ എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്.

# പാർലമെന്റ്പ്രത്യേക സമ്മേളനം; കരുതലോടെ നേരിടാനൊരുങ്ങി പ്രതിപക്ഷം



ഡൽഹി: പ്രത്യേക പാർലമെന്റ് സമ്മേളനം നടത്താനുള്ള കേന്ദ്ര സർക്കാർ നീക്കത്തെ കരുതലോടെ നേരിടാൻ ഒരുങ്ങി പ്രതിപക്ഷം. പാർലമെന്റ് സമ്മേളനത്തിലെ അജണ്ടകൾ കേന്ദ്രസർക്കാർ വെളിപ്പെടുത്തണമെന്ന ആവശ്യം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ശക്തമാവുകയാണ്.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിൽ ഉൾപ്പെടെയുള്ള വിഷയങ്ങൾ പാർലമെന്റിൽ ചർച്ചയ്ക്ക് എടുത്താൽ ശക്തമായി പ്രതിരോധിക്കാനാണ് പ്രതിപക്ഷ നീക്കം.ഈ മാസം 18 ആരംഭിക്കുന്ന പ്രത്യേക പാർലമെൻറ് സമ്മേളനത്തിലെ അജണ്ടകൾ വ്യക്തമായതിനു ശേഷം യോജിച്ച പ്രതിഷേധത്തിലേക്ക് നീങ്ങാനാണ് ഇൻഡ്യ മുന്നണി തീരുമാനിച്ചത്.

അജണ്ടകൾ എന്താണെന്ന് അറിയാതെ കൂടുതൽ വിമർശനങ്ങൾ ഉയർത്തേണ്ടത് ഇല്ല എന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ഇന്ത്യയെന്ന രാജ്യത്തിൻറെ പേര് ഭാരതമെന്നാക്കി മാറ്റൽ തുടങ്ങി കേന്ദ്രസർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഏകപക്ഷീയമായ നീക്കങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ ഇന്നലെ ചേർന്ന ഇൻഡ്യ മുന്നണി യോഗത്തിലും ധാരണയായി. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലിനെ കുറിച്ച് പഠിക്കാൻ രൂപീകരിച്ച ഉന്നതതല സമിതിയുമായി ഒരു വിധത്തിലും സഹകരിക്കേണ്ടതില്ലെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാട്. വനിതാ ബിൽ സംബന്ധിച്ച പ്രതിപക്ഷ നിരയിൽ കൂടുതൽ ചർച്ചകൾ ആവശ്യമാണെങ്കിലും അദാനി വിഷയം, വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ ജനകീയ വിഷയങ്ങൾ പാർലമെൻറിൽ ഉന്നയിക്കാനും ഇൻഡ്യ മുന്നണി തീരുമാനിച്ചിട്ടുണ്ട്. ചോദ്യോത്തര വേളയില്ലാതെ ആകും പ്രത്യേക സഭാ സമ്മേളനം ചേരുക എന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രതിപക്ഷം ഉയർത്തിക്കൊണ്ടു വരുന്ന വിഷയങ്ങൾ കൂടി പ്രത്യേക സഭാ സമ്മേളനത്തിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഇൻഡ്യ മുന്നണിക്ക് വേണ്ടി സോണിയ ഗാന്ധി പ്രധാനമന്ത്രിക്ക് കത്ത് അയക്കും. പാർലമെന്റിൽ ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങൾ വ്യക്തമായാൽ ഇന്ത്യ മുന്നണി വീണ്ടും യോഗം ചേരും.

മല്ലികാർജുൻ ഖാർഗേയുടെ ചേമ്പറിൽ ചേരുന്ന യോഗത്തിലാകും ഇരു സഭകൾക്കുള്ളിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് പ്രതിപക്ഷം അന്തിമ തീരുമാനത്തിലെത്തുക.

# പുതുപ്പള്ളിയിലെ ഭൂരിപക്ഷം ചൊല്ലി തർക്കം; ഒരാൾക്ക് വെട്ടേറ്റു, സിപിഎം ബ്രാഞ്ച് സെക്രട്ടറി കസ്റ്റഡിയിൽ




കൊച്ചി: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കം ആക്രമണത്തിൽ കലാശിച്ചു. ഒരാൾക്ക് വെട്ടേറ്റു. കാലടി പൊതിയക്കര സ്വദേശി കുന്നേക്കാടൻ ജോൺസനാണ് വെട്ടേറ്റത്. സിപിഎം പൊതിയക്കര ബ്രാഞ്ച് സെക്രട്ടറി കുന്നേക്കാടൻ ദേവസിയാണ് ആക്രമിച്ചതെന്ന് പരിക്കേറ്റയാൾ പറഞ്ഞു. സംഭവത്തിൽ ദേവസിയെ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. തലയ്ക്ക് പരിക്കേറ്റ ജോൺസനെ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ജോൺസൺ ലോറി ഡ്രൈവറാണ്. കഴിഞ്ഞ ദിവസങ്ങളിൽ പുതുപ്പള്ളിയിലെ ഭൂരിപക്ഷവുമായി ബന്ധപ്പെട്ട് തർക്കം ഉടലെടുത്തിരുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് ആക്രമണമുണ്ടായിരിക്കുന്നത്. ഇന്ന് രാവിലെ പൊതിയക്കരയിൽ വെച്ചാണ് ആക്രമണം ഉണ്ടായത്. ബൈക്കിലെത്തിയ മൂന്നംഗസംഘമാണ് ജോൺസണെ ആക്രമിച്ചത്. ജോൺസന്റെ തലയ്ക്കാണ് ?ഗുരുതരമായി പരിക്കേറ്റിട്ടുള്ളത്. ആറുമണിക്കൂറിനുള്ളിൽ ശസ്ത്രക്രിയ നടത്തണമെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. സംഭവത്തിൽ പൊലീസ് കേസെടുത്തു. അന്വേഷണം നടത്തിവരികയാണ്.

## 'രാഹുൽ പരിക്കിൽ നിന്നു മുക്തൻ, 50 ഓവറിന്റെ രണ്ട് മത്സരങ്ങളും കളിച്ചു'– അഗാർക്കർ

മുംബൈ: കെഎൽ രാഹുൽ ഫിറ്റ്നസ് കടമ്പകളെല്ലാം പൂർത്തിയാക്കിയെന്നും താരത്തിന്റെ സാന്നിധ്യം ലോകകപ്പ് ടീമിനെ സന്തുലിതമാക്കുമെന്നും ചീഫ് സെലക്ഷൻ കമ്മിറ്റി തലവൻ അജിത് അഗാർക്കർ. പരിക്ക് സംബന്ധിച്ചു ഇപ്പോഴും വ്യക്തതയില്ലെന്നും എന്നിട്ടും രാഹുലിനെ ലോകകപ്പ് ടീമിൽ ഉൾപ്പെടുത്തിയതെന്താണെന്നും ചോദ്യങ്ങൾ ഉയർന്നിരുന്നു. പിന്നാലെയാണ് അഗാർക്കർ വ്യക്തത വരുത്തിയത്. ഇക്കൊല്ലം മാർച്ചിലാണ് രാഹുൽ അവസാനമായി ഇന്ത്യക്കായി കളിച്ചത്. പിന്നീട് പരിക്ക് വില്ലനായി മാറി. നിലവിൽ താരം ഏഷ്യാ കപ്പ് ടീമിലുണ്ട്. എന്നാൽ ഇന്ത്യയുടെ രണ്ട് മത്സരങ്ങളിലും പ്ലെയിങ് ഇലവനിൽ ഉൾപ്പെട്ടില്ല. 'കെൽ (രാഹുൽ) ഫിറ്റ്നസ് വീണ്ടെടുത്തു കഴിഞ്ഞു.

അദ്ദേഹം നിലവിൽ ബംഗളൂരു ദേശീയ ക്രിക്കറ്റ് അക്കാദമിയിൽ പരിശീലനം നടത്തുകയാണ്. പരിക്കിന്റെ അസ്വസ്ഥകളെല്ലാം മാറി.' 'കഴിഞ്ഞ രണ്ട് ദിവസത്തിനിടെ താരം ദേശീയ അക്കാദമിയിൽ 50 ഓവറിന്റെ രണ്ട് മത്സരങ്ങൾ പൂർണമായി കളിച്ചു. രണ്ടിലും ദീർഘ നേരം ബാറ്റും ചെയ്തു. താരം തിരിച്ചെത്തുന്നത് സന്തോഷകരമായ കാര്യമാണ്. രാഹുലിന്റെ സാന്നിധ്യം ടീമിനു സന്തുലിതാവസ്ഥ സമ്മാനിക്കും'– അഗാർക്കർ വ്യക്തമാക്കി. ഏഷ്യാ കപ്പ് ടീമിലുള്ള മൂന്ന് താരങ്ങളെ ഒഴിവാക്കി ബാക്കിയുള്ള 15 പേരെ നിലനിർത്തിയാണ് അഗാർക്കറുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റി ലോകകപ്പ് ടീമിനെ പ്രഖ്യാപിച്ചത്.

മലയാളി താരം സഞ്ജു സാംസൺ, യുവ താരം തിലക് വർമ, പേസർ പ്രസിദ്ധ് കൃഷ്ണ എന്നിവരെയാണ് ഒഴിവാക്കിയത്.

## "മെസിക്കായി എല്ലാം നേരത്തേ തീരുമാനിച്ച് കഴിഞ്ഞിരുന്നു"; വിവാദത്തിന് തിരികൊളുത്തി ലൂയി വാൻഗാൽ



ഖത്തർ ലോകകപ്പിലെ ഏറ്റവും ആവേശം നിറഞ്ഞ പോരാട്ടങ്ങളിലൊന്നായിരുന്നു അർജന്റീന നെതർലാന്റ്സ് ക്വാർട്ടർ മത്സരം. ഏകപക്ഷീയമായി പോവുമായിരുന്ന മത്സരത്തെ 78ാം മിനിറ്റിൽ നടത്തിയൊരു സബ്സ്റ്റിറ്റിയൂഷനിലൂടെ നെതർലാന്റ്സ് കോച്ച് ലൂയി വാൻഗാൽ നാടകീയമായൊരു അന്ത്യത്തിലേക്കാണ് നയിച്ചത്.കളിയവസാനിക്കാൻ നിമിഷങ്ങൾ മാത്രം ബാക്കിയിരിക്കേ മെംഫിസ് ഡീപേക്ക് പകരം വോട്ട് വെഗോഴ്സ്റ്റ് എന്ന വാൻഗാലിന്റെ പടക്കുതിര മൈതാനത്തെത്തി. അത് വരെ എതിരില്ലാത്ത രണ്ട് ഗോളിന് മുന്നിലായിരുന്ന അർജന്റീനയെ 83ാം മിനിറ്റിലും ഇഞ്ചുറി ടൈമിലെ അവസാന മിനിറ്റിലും നേടിയ ഗോളുകളിലൂടെ വോട്ട് വെഗോഴ്സ്റ്റ് ഞെട്ടിച്ച് കളഞ്ഞു. പിന്നീട് എമി മാർട്ടിനസിന്റെ കരുത്തിൽ പെനാൽട്ടി ഷൂട്ടൗട്ടിലാണ് അർജന്റീന വിജയം പിടിച്ച് വാങ്ങിയത്. സംഘർഷനിമിഷങ്ങൾ കൊണ്ട് ഏറെ വിവാദമായ മത്സരത്തിൽ ആകെ 16 മഞ്ഞക്കാർഡുകളാണ് റഫറി ഉയർത്തിയത്.ഇപ്പോഴിതാ ഈ മത്സരവുമായി ബന്ധപ്പെട്ട് വലിയൊരു വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ് നെതർലാന്റ് കോച്ച് വാൻഗാൽ. ഖത്തർ ലോകകപ്പിൽ അർജന്റീനയെ റഫറിമാർ ഏറെ സഹായിച്ചിട്ടുണ്ടെന്നും നെതർലാന്റ്സ് അർജന്റീന മത്സരം അതിന് ഏറ്റവും വലിയ തെളിവാണെന്നും വാൻഗാൽ പറഞ്ഞു.

"ഞങ്ങൾ എങ്ങനെയാണ് ഗോൾ നേടിയതെന്നും അർജന്റീന താരങ്ങൾ എങ്ങനെയാണ് ഗോൾ നേടിയതെന്നും നിങ്ങൾ കണ്ടതാണ്. അർജന്റൈൻ താരങ്ങൾ മത്സരത്തിൽ ഏറെ പരിധി വിടുന്നുണ്ടായിരുന്നു. പക്ഷെ അവരെ റഫറി കണ്ടില്ലെന്ന് നടിച്ചു. അത് കൊണ്ടാണ് ഞാൻ പറയുന്നത് ഇത് മുൻകൂട്ടി എഴുതപ്പെട്ട തിരക്കഥയാണ്. മെസ്സിയെ ലോകകപ്പ് വിജയിപ്പിക്കാനായി എഴുതിയ തിരക്കഥ"– വാൻഗാൽ പറഞ്ഞു. സെമിയിൽ ക്രൊയേഷ്യയേയും ഫൈനലിൽ ഫ്രാൻസിനേയും തകർത്താണ് മെസ്സിപ്പട ഖത്തർ ലോകകപ്പിൽ മുത്തമിട്ടത്.

# ഫിഫ ക്ലബ്ബ് ലോകകപ്പ് നറുക്കെടുപ്പ് പൂർത്തിയായി; ആദ്യ മത്സരം ഡിസംബർ 12ന്




ജിദ്ദയിൽ നടക്കുന്ന ഫിഫ ക്ലബ്ബ് ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ലൈനപ്പായി. മാഞ്ചസ്റ്റർ സിറ്റിയും സൗദി ക്ലബ്ബുമടക്കം ഏഴു ടീമുകൾ അണിനിരക്കുന്ന മത്സരത്തിന്റെ തുടക്കം ഡിസംബർ 12ന്. ഫൈനൽ ഡിസംബർ 22നാണ്.

ജിദ്ദയിൽ നടന്ന നറുക്കെടുപ്പിലൂടെയാണ് ഫിഫ ക്ലബ്ബ് ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ലൈനപ്പായത്. ജിദ്ദയിലെ രണ്ട് സ്റ്റേഡിയങ്ങളിലായാണ് മത്സരം നടക്കുക. ഒന്നാം റൗണ്ടിൽ സൗദി റോഷൻ ലീഗ് ചാമ്പ്യൻമാരായ അൽ ഇത്തിഹാദും ന്യൂസിലാന്റിന്റെ ഓക്‌ലാൻഡ് സിറ്റിയും തമ്മിൽ ഏറ്റുമുട്ടും. ഡിസംബർ 15നാണ് രണ്ടാമത്തെ മത്സരം. ഈ മത്സരത്തിൽ ഈജിപ്തിലെ അൽ അഹ്ലിയും ആദ്യ മത്സരത്തിലെ വിജയികളും തമ്മിലാണ് പോരാട്ടം. രണ്ടാം റൗണ്ടിൽ അന്ന് തന്നെ നടക്കുന്ന മൂന്നാമത്തെ മത്സരം മെക്സിക്കൻ അരങ്ങേറ്റക്കാരായ ക്ലബ് ലിയോണും ഏഷ്യൻ ചാമ്പ്യൻമാരായ ജപ്പാന്റെ ഉറവ റെഡ്സും തമ്മിലാണ്.

ഡിസംബർ 18നാണ് ആദ്യ സെമി ഫൈനൽ. ഈ മത്സരത്തിൽ കോപ്പ ലിബർട്ടോറസ് ക്ലബ്ബ് മത്സര ചാമ്പ്യൻമാരും രണ്ടാം മത്സരത്തിലെ വിജയികളുമായി ഏറ്റുമുട്ടും.തൊട്ടടുത്ത ദിവസമായ ഡിസംബർ 19നാണ് രണ്ടാം സെമി ഫൈനൽ.

മൂന്നാം മത്സരത്തിലെ വിജയികളും ഇംഗ്ലണ്ടിന്റെ മാഞ്ചസ്റ്റർ സിറ്റിയും തമ്മിലാണ് രണ്ടാം സെമി ഫൈനൽ പോരാട്ടം. ഡിസംബർ 22ന് രാത്രി 9 മണിക്കാണ് ഫൈനൽ മത്സരം.

നിലവിലെ ഫോർമാറ്റിൽ നടക്കുന്ന അവസാനത്തെ ക്ലബ്ബ് ലോകകപ്പ് മത്സരമാണിത്. 2025 ൽ അമേരിക്കയിലാണ് അടുത്ത മത്സരം.

# ക്രിസ്റ്റ്യാനോയും നെയ്മറും ഇറാനിലേക്ക്; സൗദി ക്ലബുകൾ ഇറാനിൽ മത്സരിക്കും






ക്രിസ്റ്റ്യാനോയും നെയ്മറും ഉൾപ്പെടെയുള്ള സൗദി ക്ലബ്ബ് താരങ്ങൾ ഇറാനിൽ ഏഷ്യൻ ഫുട്ബോൾ ലീഗ് മത്സരത്തിനിറങ്ങും. ക്ലബ്ബുകൾക്ക് ഇരു രാജ്യങ്ങളിലെ സ്റ്റേഡിയങ്ങളിലും മത്സരിക്കുന്നതിനുണ്ടായിരുന്ന വിലക്ക് നീക്കാൻ രണ്ട് രാജ്യങ്ങളിലേയും ഫുട്ബോൾ ഫെഡറേഷനുകൾ തീരുമാനിച്ചു. ഏഷ്യൻ ഫുട്ബോൾ ഫെഡറേഷനാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. നയതന്ത്ര ബന്ധം പുനസ്ഥാപിച്ചതിനു പിന്നാലെ ഫുട്ബോൾ കൂടി എത്തുന്നതോടെ ബന്ധം കൂടുതൽ ഊഷ്മളമാകും.ഹോം മത്സരങ്ങളും, എവേ മത്സരങ്ങളും പുനരാരംഭിക്കാൻ സൗദി, ഇറാൻ ഫുട്ബോൾ ഫെഡറേഷനുകളാണ് തീരുമാനിച്ചത്. ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷനെ ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചു. ഇതോടെ ഏഴു വർഷത്തിനു ശേഷം സൗദി ക്ലബ്ബുകളും താരങ്ങളും ഇറാൻ ഗ്രൗണ്ടുകളിൽ മത്സരത്തിനിറങ്ങും. നീക്കം ഇരു രാജ്യങ്ങളിലേയും ഫുട്ബോൾ പ്രേമികളുടെ ഇടയിലും നേട്ടമുണ്ടാക്കുമെന്ന് എഎഫ്സി പ്രസ്താവനയിൽ പറഞ്ഞു.ഏഷ്യൻ ചാമ്പ്യൻസ് ലീഗ് മത്സരങ്ങളിൽ പങ്കെടുക്കാൻ സൗദി പ്രോ ലീഗ് ക്ലബ്ബുകൾ ഇറാനിലേക്ക് പോകും. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ അൽ നസർ സെപ്റ്റംബർ 19 ന് ടെഹ്റാനിലെ ആസാദി സ്റ്റേഡിയത്തിൽ ഇറാൻ ക്ലബ്ബിനെതിരെ ആദ്യ മത്സരത്തിനിറങ്ങും. ഗ്രൂപ്പ് ഘട്ടത്തിൽ നെയ്മറിന്റെ അൽ ഹിലാലും കരീം ബെൻസിമയുടെ അൽ ഇത്തിഹാദും ഇറാനിൽ ഏറ്റുമുട്ടും.ഇതടക്കം നാലു മത്സരങ്ങൾ ഇറാനിൽ നടക്കാൻ വഴിയൊരുങ്ങി. ഇതുവരെ സൗദിയും ഇറാനും അല്ലാത്ത ഗ്രൗണ്ടുകളായിരുന്നു ഇരു രാജ്യങ്ങളും തെരഞ്ഞെടുത്തിരുന്നത്. ഏഴു വർഷം മുമ്പ് നയതന്ത്ര ബന്ധം വിഛേദിച്ചതോടെ സൗദി പൗരന്മാർക്ക് ഇറാനിലേക്ക് യാത്ര ചെയ്യാൻ വിലക്കുണ്ടായിരുന്നു. ഫുട്ബോൾ കൂടി എത്തുന്നതോടെ ഇരു രാജ്യങ്ങൾക്കുമിടയിൽ ബന്ധം ശക്തമായേക്കും.

## 'ലോകകപ്പിൽ, നമ്മുടെ താരങ്ങളുടെ നെഞ്ചിൽ 'ഭാരത്' എന്നായിരിക്കണം'– സെവാഗ്

ന്യൂഡൽഹി: രാജ്യത്തിന്റെ പേര് ഇന്ത്യ എന്നത് മാറ്റി 'ഭാരത്' എന്നാക്കുമെന്ന അഭ്യൂഹങ്ങൾ പരക്കുന്നതിനിടെ പേര് മാറ്റത്തെ അനുകൂലിച്ച് മുൻ ഇന്ത്യൻ ഓപ്പണറും ഇതിഹാസ ബാറ്ററുമായ വീരേന്ദർ സെവാഗ്.

ജി 20 ഉച്ചകോടിക്കിടെ രാഷ്ട്രപതി നൽകുന്ന അത്താഴ വിരുന്നിനുള്ള ക്ഷണക്കത്തിൽ പ്രസിഡന്റ് ഓഫ് ഇന്ത്യ എന്നതിനു പകരം, പ്രസിഡന്റ് ഓഫ് ഭാരത് എന്നു മാറ്റിയതാണ് അഭ്യൂഹത്തിന് ഇടയാക്കിയത്. കോൺഗ്രസ് നേതാവ് ജയ്റാം രമേശ് ഇക്കാര്യം ചൂണ്ടിക്കാട്ടി എക്സിൽ (ട്വിറ്റർ) കുറിച്ചതോടെയാണ് ക്ഷണക്കത്ത് ചർച്ചയായത്. പിന്നാലെയാണ് സെവാഗിന്റെ ട്വീറ്റ്.

രാജ്യത്തിന്റെ യഥാർഥ പേര് തിരികെ സ്ഥാപിക്കണമെന്നു അദ്ദേഹം എക്സിൽ (ട്വിറ്റർ) പങ്കിട്ട പോസ്റ്റിലൂടെ വ്യക്തമാക്കി. താൻ ഇക്കാര്യം മുൻപും പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കുറിച്ചു.

ലോകകപ്പിനുള്ള ഇന്ത്യൻ താരങ്ങളുടെ ജേഴ്സിയിൽ ഇന്ത്യ എന്നതിനു പകരം ഭാരത് എന്നായിരിക്കണമെന്നു താരം ബിസിസിഐ, സെക്രട്ടറി ജയ് ഷാ എന്നിവരോട് അഭ്യർഥിച്ചു. 'രാജ്യത്തിന്റെ പേര് നമ്മുടെ ഉള്ളിൽ അഭിമാനമായി നിറയേണ്ട ഒന്നായിരിക്കണം.

നമ്മൾ ഭാരതീയരാണ്. ഇന്ത്യ എന്നത് ബ്രിട്ടീഷുകാർ നൽകിയ പേരാണ്. നമ്മുടെ രാജ്യത്തിന്റെ പേര് ഭാരത് എന്നത് ഔദ്യോഗികമാകണമെന്നു ഞാൻ ഏറെ നാളായി അഭ്യർഥിക്കുന്ന കാര്യമാണ്. ഈ ലോകകപ്പിൽ നമ്മുടെ താരങ്ങളുടെ നെഞ്ചിൽ ഭാരത് എന്നു എഴുതിയിട്ടുണ്ടെന്നു ഉറപ്പാക്കണമെന്നു ഞാൻ ബിസിസിഐ, ജയ് ഷാ എന്നിവരോട് അഭ്യർഥിക്കുന്നു'– സെവാഗ് വ്യക്തമാക്കി.

## ലോകകപ്പ് അവസാന പോരാട്ടം; ക്വിന്റൻ ഡി കോക്ക് ഏകദിനത്തിൽ നിന്നു വിരമിക്കുന്നു




ജോഹന്നാസ്ബർഗ്: മോഡേൺ ക്രിക്കറ്റിലെ ഏറ്റവും പ്രതിഭാധനനായ ഓപ്പണർമാരിൽ ഒരാളും ദക്ഷിണാഫ്രിക്കൻ വിക്കറ്റ് കീപ്പർ ബാറ്ററുമായ ക്വിന്റൻ ഡി കോക്ക് ഏകദിന ക്രിക്കറ്റിൽ നിന്നു വിരമിക്കുന്നു. ലോകകപ്പിനു ശേഷം ദക്ഷിണാഫ്രിക്കൻ ജേഴ്സിയിൽ ഏകദിനം കളിക്കില്ലെന്നു താരം വ്യക്തമാക്കി. ടി20യിൽ തുടർന്നും കളിക്കും. 2013 മുതൽ ദക്ഷിണാഫ്രിക്കൻ ഏകദിന ടീമിലെ അവിഭാജ്യ ഘടകമാണ് താരം.

രാജ്യത്തിനായി 140 ഏകദിന മത്സരങ്ങളാണ് ഇതുവരെ താരം കളിച്ചത്. 44.85 ആണ് ആവറേജ്. സ്ട്രൈക്ക് റേറ്റ് 96.08. 17 സെഞ്ചുറികളും 29 അർധ സെഞ്ചുറികളും നേടി. 5966 റൺസാണ് സമ്പാദ്യം. 2016ൽ ഓസ്ട്രേലിയക്കെതിരെ സഞ്ചൂറിയനിൽ നേടിയ 178 റൺസാണ് ഉയർന്ന സ്കോർ. വിക്കറ്റ് കീപ്പർ എന്ന നിലയിലും മികച്ച റെക്കോർഡാണ് താരത്തിനുള്ളത്. 183 ക്യാച്ചുകളും 14 സ്റ്റംപിങുകളും ഡി കോക്കിന്റെ പേരിലുണ്ട്. 30കാരനായ താരം മൂന്നാം ഏകദിന ലോകകപ്പിനാണ് ഇറങ്ങാൻ ഒരുങ്ങുന്നത്. 17 ലോകകപ്പ് മത്സരങ്ങൾ ഇതുവരെ കളിച്ചു. 450 റൺസ് നേടി. ആവറേജ് 30. എട്ട് ഏകദിന മത്സരങ്ങളിൽ ഡി കോക്ക് ദക്ഷിണാഫ്രിക്കയെ നയിച്ചിട്ടുണ്ട്. നാല് വിജയങ്ങളും മൂന്ന് തോൽവിയുമാണ് ഫലം.

## സഞ്ജുവിന് വഴി അടഞ്ഞില്ല! ടീമിലേക്കു വിളിയെത്തും, നിർണായക സൂചന

അദ്ദേഹത്തിനു ഇനിയു ടീമിലേക്കു വിളിയെത്താൻ സാധ്യതയുണ്ടെന്നാണ് പുറത്തുവരുന്ന സൂചനകൾ. സഞ്ജുവിനു മാത്രമല്ല നിലവിൽ ടീമിന്റെ ഭാഗമല്ലാത്ത സ്റ്റാർ ഓഫ് സ്പിന്നർ ആർ അശ്വിൻ, യുവ പേസർ പ്രസിദ്ധ് കൃഷ്ണ എന്നിവർക്കും ലോകകപ്പ് സ്‌ക്വാഡിലേക്കു വിളിയെത്തിയേക്കും.നിലവിൽ ലോകകപ്പിനുള്ള റിസർവ് താരങ്ങൾ ആരൊക്കെയാവുമെന്നു ഇന്ത്യ പ്രഖ്യാപിട്ടില്ല. പക്ഷെ സഞ്ജു, അശ്വിൻ, പ്രസിദ്ധ്, തിലക് വർമ എന്നിവരായിരിക്കും റിസർവ് ലിസ്റ്റിലുണ്ടാവുകയെന്നാണ് ഇന്ത്യൻ എക്സ്പ്രസിന്റെ റിപ്പോർട്ടിൽ പറയുന്നത്.ഏകദിനത്തിൽ 55നു മുകളിൽ ബാറ്റിങ് ശരാശരിയുള്ള ബാറ്ററാണ് സഞ്ജു. ടി20 സ്പെഷ്യലിസ്റ്റായ സൂര്യകുമാർ യാദവിന്റെ ബാറ്റിങ് ശരാശരിയാവട്ടെ 24 മാത്രമാണ്. അതുകൊണ്ടു തന്നെ സഞ്ജുവിനെ ഒഴിവാക്കി സൂര്യയെ ടീമിലെടുത്തതിൽ ആരാധകർക്കു കടുത്ത രോഷവുമുണ്ട്.

സോഷ്യൽ മീഡിയയിൽ കണക്കുകൾ നിരത്തി പലരും ബിസിസിഐയ്ക്കും സെലക്ഷൻ കമ്മിറ്റിക്കുമെതിരേ ആഞ്ഞടിക്കുകയും ചെയ്തിരുന്നു.ലോകകപ്പിനായി നിലവിൽ ഇന്ത്യ പ്രഖ്യാപിച്ചിരിക്കുന്ന ടീം അന്തിമമല്ല. ഈ മാസം 28 വരെ ടീമിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്താൻ അനുമതിയുണ്ട്. അതുകൊണ്ടു തന്നെ ചില അദ്ഭുതങ്ങൾ സംഭവിച്ചാൽ സഞ്ജുവിനു ഇനിയും ലോകകപ്പ് സ്‌ക്വാഡിന്റ ഭാഗമാവാൻ സാധിക്കും.രാഹുൽ ഫിറ്റ്നസ് വീണ്ടെടുത്ത് ഏഷ്യാ കപ്പിൽ സൂപ്പർ ഫോർ മൽസരങ്ങൾക്കായി ടീമിനൊപ്പം ചേർന്നിട്ടുണ്ടെങ്കിലും അദ്ദേഹത്തിനു വീണ്ടും പരിക്കേൽക്കാനുള്ള സാധ്യത തള്ളാൻ സാധിക്കില്ല.

ലോകകപ്പിനു മുമ്പ് ഏറ്റവുമധികം യാത്രകൾ ചെയ്യുന്ന ടീം ഇന്ത്യയുടേതാണ്. അതുകൊണ്ടു തന്നെ കളിക്കാർക്കു പരിക്കേൽക്കാനുള്ള സാധ്യതയും കൂടുതലാണ്. നിലവിൽ ഏഷ്യാ കപ്പിൽ കളിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ ടൂർണമെന്റിനു ശേഷം നാട്ടിൽ വച്ച് ഓസ്ട്രേലിയയുമായി ഏകദിന പരമ്പരയിലും കളിക്കുന്നുണ്ട്.മൂന്നു മൽസരങ്ങളുടേതാണ് പരമ്പര. യാത്രകൾക്കൊപ്പം തുടർച്ചയായ മൽസരങ്ങളും കളിക്കാർക്കു വെല്ലുവിളിയാണ്. നിലവിൽ ലോകകപ്പിലെ മൂന്നു താരങ്ങളുടെ ബാക്കപ്പാണ് സഞ്ജു. രാഹുലിനെക്കൂടാതെ ഇഷാൻ, സൂര്യ എന്നിവരുടെയും ബാക്കപ്പായി അദ്ദേഹമാണ് പരിഗണിക്കപ്പെടുന്നത്. അതേ സമയം, അശ്വിന്റെ കാര്യമെടുത്താൽ അദ്ദേഹം രണ്ടു താരങ്ങളുടെ ബാക്കപ്പായിരിക്കും. കുൽദീപ് യാദവ്, അക്ഷർ പട്ടേൽ എന്നിവരിലൊരാൾക്കു പരിക്കേൽക്കുകയാണെങ്കിൽ പകരക്കാരനായി ടീമിലേക്കു പരിഗണിക്കപ്പെടുക അശ്വിനായിരിക്കും. ശർദ്ദുൽ ടാക്കൂറുൾപ്പെടെ പേസ് നിരയിൽ ആർക്കെങ്കിലും പരിക്കേറ്റാലാവും പ്രസിദ്ധിനു ലോകകപ്പ് സ്‌ക്വാഡിൽ ഇടം ലഭിക്കുക.

## 'പുറത്തെ ബഹളങ്ങൾ ശ്രദ്ധിക്കാറില്ല, അത്തരം ചോദ്യങ്ങൾക്ക് മറുപടിയും ഇല്ല'– രോഹിത്




കൊളംബോ: ഇന്ത്യയുടെ ലോകകപ്പ് ടീമിനെ പ്രഖ്യാപിച്ചതിനു പിന്നാലെ ടീമിൽ നിന്നു ഒഴിവാക്കിയ താരങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങളോട് പ്രതികരിക്കില്ലെന്നു വ്യക്തമാക്കി ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ. 15 അംഗ ടീമിനെ നേരത്തെ തന്നെ തിരഞ്ഞെടുത്തിരുന്നു. ടീം പ്രഖ്യാപിക്കേണ്ട അവസാന ദിനമായ ഇന്നാണ് ഔദ്യോഗികമായി പട്ടിക പുറത്തുവിട്ടത്. പിന്നാലെയാണ് മാധ്യമങ്ങളുടെ ചോദ്യങ്ങളോട് രോഹിത് രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചത്.ടീം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പുറത്തെ പ്രതിഷേധങ്ങൾ ചൂണ്ടിക്കാട്ടിയപ്പോഴാണ് രോഹിതിന്റെ പ്രതികരണം. നിലവിൽ ലഭ്യമായ ഏറ്റവും മികച്ച താരങ്ങളാണ് ലോകകപ്പ് ടീമിലെന്നു നായകൻ വ്യക്തമാക്കി. 'പുറത്തെ ബഹളങ്ങൾ ശ്രദ്ധിക്കാൻ ഞങ്ങൾക്ക് സമയം ഇല്ല. താത്പര്യവും. വാർത്താ സമ്മേളനത്തിൽ ഇത്തരം ചോദ്യങ്ങൾ ഒഴിവാക്കു. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കാറില്ലെന്നും മറുപടി പറയാൻ സാധിക്കില്ലെന്നും നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.' 'ലഭ്യമായ ഏറ്റവും മികച്ച ടീമിനെയാണ് ലോകകപ്പിനായി തിരഞ്ഞെടുത്തത്. നല്ല ഡെപ്തുള്ള ബാറ്റിങ് നിരയാണിത്. ഹർദിക് പാണ്ഡ്യയുടെ പ്രകടനമായിരിക്കും ലോകകപ്പിൽ നിർണായകമാകുക'– രോഹിത് വ്യക്തമാക്കി.

ഇന്ത്യ വേദിയാകുന്ന ലോകകപ്പ് പോരാട്ടങ്ങൾക്ക് ഒക്ടോബർ അഞ്ചിനാണ് തുടക്കമാകുന്നത്. ഇംഗ്ലണ്ട്- ന്യൂസിലൻഡ് പോരാട്ടമാണ് ഉദ്ഘാടന മത്സരം. ഇന്ത്യയുടെ ആദ്യ മത്സരം ഓസ്ട്രേലിയയുമായാണ്. ഒക്ടോബർ എട്ടിനാണ് ഇന്ത്യ ലോകകപ്പ് പോരിനിറങ്ങുന്നത്. നവംബർ 19നാണ് ഫൈനൽ.

## 12 മാസത്തിനിടെ ഉത്തേജക മരുന്നു പരിശോധനയിൽ മൂന്ന് തവണ പരാജയപ്പെട്ടു; ഹിമ ദാസിനു വീണ്ടും തിരിച്ചടി, സസ്പെൻഷൻ

ന്യൂഡൽഹി: ഇന്ത്യയുടെ സ്റ്റാർ സ്പ്രിന്റർ ഹിമ ദാസിനു വീണ്ടും തിരിച്ചടി. 12 മാസത്തിനിടെ ഉത്തേജക മരുന്നു പരിശോധനയിൽ മൂന്ന് തവണ പരാജയപ്പെട്ടതിനെ തുടർന്നു താരത്തിനു സസ്പെൻഷൻ. ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി (നാഡ)യാണ് താത്കാലിക സസ്പെൻഷൻ ഏർപ്പെടുത്തിയത്. അതേ സമയം ടെസ്റ്റിന്റെ റിസൽറ്റ് സംബന്ധിച്ച ഫയലുകൾ സമർപ്പിക്കാത്തതാണോ, പരിശോധനയിലെ പരാജയമാണോ വിലക്കിനു കാരണമെന്നു വിവരങ്ങൾ നിലവിൽ പുറത്തു വന്നിട്ടില്ല.

ലോക ഉത്തേജക വിരുദ്ധ ഏജൻസിയുടെ നിയമം അനുസരിച്ചു ഉത്തേജക പരിശോധനയിൽ 12 മാസത്തിനിടെ മൂന്ന് തവണ പരാജയപ്പെടൽ, ഫയൽ സമർപ്പിക്കാൻ വൈകൽ, പരിശോധന നടത്താതിരിക്കൽ എന്നിവയെല്ലാം ഉത്തേജക വിരുദ്ധ നിയമലംഘനമായി കണക്കാക്കും. രണ്ട് വർഷത്തെ വിലക്ക് നേരത്തെ ഉള്ളതിനാൽ താരം നിലവിൽ ദേശീയ ക്യാമ്പിൽ ഇല്ല. വരാനിരിക്കുന്ന ഹാങ്ഷു ഏഷ്യൻ ഗെയിംസ് ടീമിലേക്ക് നേരത്തെ താരത്തെ പരിഗണിച്ചിരുന്നില്ല. നിലവിൽ ഹിമ പരിക്കേറ്റ് വിശ്രമത്തിലാണ്.

2018ൽ ജകാർത്ത ഏഷ്യൻ ഗെയിംസിൽ താരം 400 മീറ്ററിൽ വെള്ളി നേടിയിരുന്നു. 4-400 വനിതാ റിലേ, മ്ക്സഡ് റിലേ പോരാട്ടങ്ങളിൽ താരം ഉൾപ്പെട്ട സംഘം ക്വാർട്ടറിലുമെത്തിയിരുന്നു.

## ഏഷ്യാകപ്പിൽ ഇനി സൂപ്പർ പോരാട്ടങ്ങൾ! സൂപ്പർ ഫോർ മത്സരങ്ങൾക്ക് ഇന്ന് തുടക്കം

കൊളംബോ: 2023 ഏഷ്യാകപ്പിലെ സൂപ്പർ ഫോർ ലൈനപ്പായി. ആവേശകരമായ മത്സരത്തിൽ അഫ്ഗാനിസ്താനെതിരേ വിജയം നേടിയതോടെ ശ്രീലങ്ക ഗ്രൂപ്പ് ബി ചാമ്പ്യന്മാരായി സൂപ്പർ ഫോറിലേക്ക് കടന്നു. ഒരു ഘട്ടത്തിൽ അനായാസ വിജയം പ്രതീക്ഷിച്ച അഫ്ഗാൻ അപ്രതീക്ഷിതമായാണ് പരാജയപ്പെട്ടത്.ഗ്രൂപ്പ് എ യിൽ നിന്ന് പാകിസ്താൻ ചാമ്പ്യന്മാരായും ഇന്ത്യ രണ്ടാം സ്ഥാനം നേടിയും സൂപ്പർ ഫോറിലേക്ക് കടന്നു. പാകിസ്താനും ഇന്ത്യയ്ക്കും ഒരേ പോയന്റാണെങ്കിലും നെറ്റ് റൺ റേറ്റിലെ മികവാണ് പാക് ടീമിന് തുണയായത്. രണ്ട് കളിയിൽ നിന്ന് മൂന്ന് പോയന്റാണ് ഇരുടീമുകൾക്കുമുള്ളത്. അതിൽ പാകിസ്താന് +4.760 നെറ്റ് റൺ റേറ്റുണ്ട്. ഇന്ത്യയ്ക്ക് +1.028 റൺ റേറ്റാണുള്ളത്.

നേപ്പാൾ രണ്ട് മത്സരങ്ങളും തോറ്റ് പുറത്തായി.ഗ്രൂപ്പ് ബിയിൽ ശ്രീലങ്ക രണ്ട് മത്സരങ്ങളും വിജയിച്ച് ആധികാരികമായാണ് സൂപ്പർ ഫോറിലെത്തിയത്. ബംഗ്ലാദേശ് ഒരു മത്സരം വിജയിച്ച് രണ്ടാം സ്ഥാനം നേടി. രണ്ട് കളികളിലും തോറ്റ അഫ്ഗാനിസ്താൻ പുറത്തായി. സൂപ്പർ ഫോർ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ആദ്യ മത്സരത്തിൽ പാകിസ്താൻ ബംഗ്ലാദേശിനെ നേരിടും. ഉച്ചയ്ക്ക് മൂന്ന് മണിക്കാണ് മത്സരം.

രണ്ടാം മത്സരം സെപ്റ്റംബർ ഒൻപതിനാണ്. അന്ന് ശ്രീലങ്ക ബംഗ്ലാദേശിനെ നേരിടും. ഇന്ത്യയുടെ സൂപ്പർ ഫോറിലെ ആദ്യ മത്സരം പാകിസ്താനെതിരെയാണ്. സെപ്റ്റംബർ പത്തിനാണ് മത്സരം. ഗ്രൂപ്പ് ഘട്ടമത്സരത്തിൽ ഇരുടീമുകളും ഏറ്റുമുട്ടിയെങ്കിലും മഴ മത്സരം അപഹരിച്ചു. സെപ്റ്റംബർ 12 ന് ഇന്ത്യ ശ്രീലങ്കയ്ക്കെതിരേ ഇറങ്ങും. 14 ന് പാകിസ്താൻ ശ്രീലങ്കയെയും 15 ന് ഇന്ത്യ ബംഗ്ലാദേശിനെയും നേരിടും. ഇതോടെ സൂപ്പർ ഫോർ മത്സരങ്ങൾ അവസാനിക്കും. ഏറ്റവുമധികം പോയന്റ് നേടിയ രണ്ട് ടീമുകൾ ഫൈനലിലെത്തും. സെപ്റ്റംബർ 17 ഞായറാഴ്ചയാണ് ഫൈനൽ.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.